RATION SHOP—HANDING OVER TO CO-OPERATIVE SOCIETIES

289. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ —

ഫുഡ് സപ്ലൈ ഡിപ്പാർട്ട്മെണ്ടിന്റെ കീഴിൽ ഉള്ള റേഷൻകടകളിൽ ചിലതു പരസ്പരസഹായസംഘങ്ങൾ മുഖേന നടത്തിക്കുവാനുള്ള വല്ല ഒരുക്കങ്ങളും ഗവണ്മെണ്ട് തുടങ്ങിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ.

മുമ്പുതന്നെ ഇതു ചെയ്തിട്ടുണ്ട്.

PRINCIPLE UNDERLYING THE CONTROL AND PRICE OF COCOANUT OIL AND COCOANUT CAKE

290. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഈയ്യിടെയുണ്ടായ കൊപ്ര, വെളിച്ചെണ്ണ, പിണ്ണാക്ക് വിലനിയന്ത്രണങ്ങളുടെ പിന്നിലുള്ള തത്വമെന്താണ്;

(ബി) കൊച്ചിരാജ്യവാസികളുടെ ഉപയോഗത്തിനുള്ള ഈ സാധനങ്ങളുടെ വില കുറക്കുവാനൊ, അതൊ വെളിച്ചെണ്ണ മുതലായവ ഉപയോഗിക്കുന്ന മറ്റു നാടുകളിലെ വ്യവസായശാലകളേയും വ്യവസായികളേയും സഹായിക്കുന്നതിനൊ ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) സാമാന്യ ജനങ്ങൾക്ക് ഇവ മിതമായ വിലക്കു കിട്ടുന്നതിനായിട്ടാണ് വിലനിയന്ത്രണം ഏർപ്പെടുത്തിയതു്.

(ബി) "എ" യുടെ ഉത്തരം നോക്കുക.

II. DEBATE ON THE FOOD QUESTION (*cont.*)

Mr. President: I think that the Hon'ble Members' wish is to terminate the discussion at 4-30. If the discussion on food is still proceeding I propose to call upon the Hon'ble Minister to reply to the debate at 3-30. The House will now resume discussion on Mr. Kumaran Ezhuthassan's motion. I understand that Mr. Kumaran Ezhuthassan spoke over 50 minutes yesterday and I hope he will in consideration for other members of the House who may wish to take part in the discussion, curtail his time this morning.

***Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Taking advantage of the very very useful tip offered by the Hon'ble Chair I shall try to marshall my facts and give only points for the earnest consideration of the Ministry of Food and his party and his group and I shall just point out the things. Yesterday, I dealt with the defects in commandeering. Yesterday, I also referred to the defects in rationing and yesterday I also referred to the attempts that ought to be very immediately taken up for making the successful attempt of making the compact, fertile and beautiful Cochin self-sufficient when that is seen possible, Sir, be it done by increasing the yield of an acre of land from 10 to 11½ as was with authority stated by no less a person than Mr. Rajendra Prasad, Food Minister of the Interim Government. That is more easy, Sir, with all the advantages we have here to work in that direction. Now, Sir, the additional facts will be these. I will prominently refer to the outstanding facts, namely the incessant complaints of sugar rationing and the difficulties that arose as a result of the unwise control orders of cocoanut or cocoanut products adumbrated by the Government of India. With regard to sugar, I will dispose of the matter in one word. Our quota kindly given by the Government of India, by the indefatigable efforts on our behalf by Mr. Kirby has been constant for the last 3 years. I don't know the exact quantity, but I think it is 3,900 tons per year. Earlier than that, at a period when our quota was less we were getting ordinarily, the ordinary ration which is something much higher than what is now given. Therefore, before the Government started on black marketting—the present orders raising the price of sugar on special permits to 10 annas—shameful according to me, Sir, they must at least see that the older and better quantity of sugar is restored. The other point that I mentioned was cocoanut control. Of course, the whole field

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

of cocoanut is engaging the attention of the whole population of Cochin engaged in that indutry and it has been given a murderous strike at the hands of the popular Government by diverting the industry of cocoanuts and its products from the old established coir industry of Cochin to places where things are better managed, though not by popular Ministers. You have ruined the prosperity of Cochin, not only the cocoanut growers. but of the prosperity of the public of Cochin and annihilated, if not annihilated, deteriorated and dismantled the industry, which it is impossiblefor years to come to restore. That bas been the meaning; and in that, Sir, a question which is printed today shows that not a word of protest was raised by the Government of Cochin constituted as it is whether it is that of the Ministers or anybody else., I am sorry, Sir, against the proposals of the Government of India in this behalf. The answer to the question is that we wrote to say that we agree to the control. It was the Interim Government that was corresponding with you which you say you imitate, which I refute, you are not. My submission, Sir, that you should have written to them back saying that this being the life-blood of Cochin, key industry of the State, this being a thing which gives us a good revenue through our Queen lying yonder, weeping over your misdeeds, you should have written back to say "No, We shall not". Your head is not going to be chopped off if you give an emphatic "No".

Mr. K. Balakrishna Menon *(Cheruthuruthi):* How can we get rice ?

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am sure that there are Hon'ble Members who are anxious and more competent on this subject. Now, Sir, I charge the Government of the day for not having raised a voice of protest to that. My Hon'ble colleagues say that there are difficulties. There are no difficulties that cannot be solved, you have only to fly and try to meet the officer of the Government of India and come back which you do for unnecessary things. Do it for this necessary thing. It is disgraceful for the Government of Cochin for not having raised a word of protest. There are arguments, and I leave it there.

I condemn the Ministry of Food and of Indusiries and the industrial side of it also for having done what they did and for having quietly accepted, tamely accepted their proposal, which is after all the day on which it came. Sir, I am almost finished. Generally, I have to make some suggestions in five minutes.

Sir, I referred to self-sufficiency for Cochin. It is a thing which is easy of achievement. See that every cultivable inch of land is brought under cultivation and see to the irrigation facilities which are easy to be had. Look into the proposals of the driven out Minister. I am referring to the Ex. Minister Mr. K. Balakrishna Menon—the proposals he had adumbrated. Do not take shelter, that Peechi is costly, something else is costly that Chalakkudi is pending consideration of the Government. They are all lame excuses, not for you, Sir, but for the present Minister for Food. Therefore, Sir, for achieving self-sufficiency for Cochin, do that. Help the agriculturists with subsidies and advise them as the Government of Madras have done, and if you can improve the original institutions which you say you are imitating. You are capable of it. There are members in it who can do it. The third suggestion is that if any one raises a crop, upon an area where food crop can be raised he must be penalised, if necessary. He must be lynched. We are driving on to self-sufficiency. But you must be 'yourself'; by yourself I mean, yourself in the sense, which you boast you are to be, which I assert, you are not. Now, Sir, the other point is you have got of course our Food Department is very progressive and for the reason that the expenditure is on the progresive side, the number of hands employed is progressing year by year. Although there is a short fall by the year, 21 and, 22, you have got an unnecessarily big staff which as I once pointed out, is impossible even for a clever general like the Food Director to properly control. Reduce your staff. Get the best work from the necessary men. I find the duplication of staff for almost allied things. You have got unnecessary staff, because certain interests, certain individuals have to be provided. For example the Godown staff, the H.P.P. Staff. Much of it can be cut short, Sir, and then I find somebody like the Transport Officer to Chittur who is something unnecessary now. The other thing I want to stress is the field of rationing. Rationing is far below the normal, as is stated in the various reports and answers to questions. If you make an earnest effort, you can raise it to the normal level. The other day, in the last session, I believe, as a result of the Declaration at Manikandanal Thara, a question was asked, have you been able to raise the quantity of ration? A very sagacious and clever answer came from the other side of the House, that the Declaration was intended to raise the ration, although it was not implemented. At any rate, I would request you, though you are not able to raise the ration, atleast to see that the present ration is kept on. To raise the ration, to bring the ration to normal level, it is possible if you apply your mind.

LIBRARY ARCHIVES Kerala Legislative Assembly

The next point that I want to stress is malpractice in distribution. The malpractice of the Depot Officer, which was published in the paper of which the Hon'ble Member from Oorakam is the Editor, has not been contradicted. Do not take shelter under the usual guise, that everything that appears in the paper cannot be contradicted. Here is a charge against one of your Officers of Irinjalakuda—whose name it is unnecessary to mention—if you want it is Mr. Chummar —There is a reason for that comment—repeated comment in the paper—which is not criticised by the Ministry of the day, because it does not end in a feminine ending. These charges are all true to the hilt. Then, Sir, the usual things done by the shop-keepers the way of measuring and all that. What is the meaning of the Ministry of the day, in contra-distinction to the Ministry of the other day in looking on these malpractices.? Annihilate them. It is possible for you, Sir, to do that. In the matter of deterioration of stuff the less said about it the better. I will give you one or two instances. Many lakhs worth of the tinned provisions, useless stuff, even for manuring cocoanut farms were purchased and distributed. Milk-powder sold with strict directions, that it shall not be used even for cattle food. I am not submitting, Sir, for a moment that you have been responsible for it. That is your heredity. Don't stick to the heredity, when it is seen to be stupendously bad. Let it not be repeated, as I am sure, it will not be repeated. I know the deterioration of stuff. I am not joking.

Mr. P. Govinda Menon *(Minister for Food and Education)*: As you never do.

Mr. P. Kumaran Eshuthassan *(Vadakkancheri)*: Thank you, Sir.

Mr. President: The Hon'ble Member has already exceeded the time.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Therefore Sir, with this exhortation, I am leaving the rest to my Hon'ble friends who are competent I know in various sections. On this vital and important question, they will contribute their share and I am sure I will have brilliant speeches, constructive suggestions and the indefensable defence emanating from the group yonder. If that is achieved, I have achieved the purpose. The rest will follow. You will thank me for what I have done. Although I have raised my voice, although I have used my voice rather strongly, in spite of all that, please believe me, it is done with the best of intentions and I have started the debate to get the best from you. That is the spirit with which you have to look into. That is the object which prompted me to seek the indulgence of the Chair to allow me the chance of raising this discussion, which I am glad to note Sir, that every Hon'ble Member of this House when pointed out by the Hon'ble Chair has been magnanimous enough to accept. I thank you, Sir, for the indulgence and I request to be excused, if I have wounded the feelings of anybody. Believe me, Sir, that is not my intention. If unfortunately in the heat of the moment, any scratches have been made, you need not go to hospital for that. I have done, Sir.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: സർ, ഇവിടത്തെ ആവശ്യത്തിന്റെ പേരിൽ, കൊച്ചിയിലെ ജനങ്ങളുടെ ഉപയോഗത്തിന്റെ പേരിൽ, ഇൻഡ്യാ ഗവണ്മെന്റിന്റെ നിർദ്ദേശത്തിന്റെ പേരിൽ കേരകർഷകരോട് ഈ സഭയാട്ടം യാതൊരു ആലോചനയും ചെയ്യാതെ കേരവിഭവങ്ങളുടെ വില, കയറുവതി ഇവകളെ നിയന്ത്രിച്ചുകൊണ്ട് നമ്മുടെ ഇടക്കാല ഗവണ്മെന്റ് ഏതാണ്ട് രണ്ടു മാസങ്ങൾക്കുമുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ നിമിത്തം കൊച്ചി രാജ്യത്തിനു പൊതുവിലും മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽ പകുതിയോളം വരുന്ന ഒരു ജനവിഭാഗത്തിനു പ്രത്യേകിച്ചും അനവധി ക്ലേശങ്ങളിവന്നിട്ടുള്ള കഷ്ടനഷ്ടങ്ങളെയും നാശങ്ങളേയും ബുദ്ധിമുട്ടുകളേയും ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാനാണ് ഞാൻ ഈ അവസരത്തെ കാംക്ഷിക്കുന്നത്. ഈ ഉത്തരവുകളെ സംബന്ധിച്ചു പൊതുവെ പറയുകയാണെങ്കിൽ ഉല്പാദകന്റെയും ഉപഭോക്താവിന്റെയും കർഷകന്റെയും തൊഴിലാളിയുടെയും താല്പര്യങ്ങളെ തീരെ വിസ്മരിച്ചുകൊണ്ട് മില്ലുടമസ്ഥന്മാരുടെയും വെളിച്ചെണ്ണ കച്ചവടക്കാരുടെയും പണസഞ്ചികളെ മാത്രം തടിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള ഉത്തരവുകളാണ് അവ എന്നു തെളിയിക്കുവാൻ പ്രയാസമില്ല.

സർ, ഒരു കാര്യം ഞാൻ ആദ്യമായി ഈ സഭയെ ഓർമ്മിപ്പിച്ചു കൊള്ളട്ടെ. ഈ രാജ്യത്തെ ജനങ്ങൾക്ക നിത്യോപയോഗത്തിനു വേണ്ടിവരുന്ന വെളിച്ചെണ്ണയും നാളികേരവും എത്രയും മിതമായ, ന്യായമായ ഒരു ക്ലിപ്പവിലക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഒരു പദ്ധതി ഗവണ്മെന്റ് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്ന പക്ഷം അതിൽ സഹകരിക്കുവാൻ കേരകർഷകരായ ഞങ്ങൾ എപ്പോഴും സന്നദ്ധരാകുന്നു. അതിനുവേണ്ട സന്തോഷ

LIBRARY ARCHIVES Kerala Legislative Assembly

വും തുപ്തിയുമാണ്. അല്ലാതെ ഇവിടത്തെ ആവശ്യത്തിന്റെ പേരിൽ ഇവിടത്തെ കേര വ്യവസായത്തെ ഞെക്കിക്കൊല്ലുവാൻ ഞങ്ങളുടെ മന്ത്രിമാർ കൂട്ടു നിൽക്കരുതേ എന്നാണ് എനിക്കപേക്ഷയുള്ളതു്. സർ, കൊച്ചിയിലെ അതിപ്രധാനമായ ഒരു ദേശീയ സമ്പത്തും, മുതലെടുപ്പുമാണ് ഇവിടത്തെ നാളികേരം. ഇവിടെയുണ്ടാകുന്ന നാളികേരത്തിന്റെ തുച്ഛ മായ ഒരു ഭാഗം മാത്രമേ ഇവിടെ ചിലവാകുന്നുള്ളു. ബാക്കിയുള്ളതു് മുഴുവൻ സോപ്പു മുത ലായവ ഉണ്ടാക്കുന്നതിനായി മറ്റു ദേശങ്ങളിലേക്കു കയറ്റു മതി ചെയ്യപ്പെടുന്നു. അതി ന്റെ ആദായം കൊച്ചിയിലേക്കാണ് വരുന്നതു്. ആ ആദായമാണ് നാട്ടുമ്പുറങ്ങളിൽ ജോ ലിയെടുപ്പിക്കുന്നതിനും തൊഴിലാളികൾക്കു നല്ല കൂലി കൊടുക്കുന്നതിനും കർഷകരുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനും നാട്ടിന്റെ പൊതുവിലുള്ള സാമ്പത്തികനില ഉയർത്തു ന്നതിനും വിനിയോഗിക്കപ്പെടുന്നതു്. പരോക്ഷമായി ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ നാളികേരതോട്ടമസ്ഥന്മാരല്ലാത്തവർക്കും ഗുണകരമായി അനുഭവപ്പെട്ടുകൊണ്ടി രിക്കുന്ന സ്ഥിതിഗതികളെ പാടെ മറിച്ചിട്ടുകൊണ്ടു, കേരവ്യവസായത്തെ നശിപ്പിച്ചുകൊണ്ടു രാജ്യത്തെ ദുരിതത്തിലേക്കു വലിച്ചിഴക്കുവാണോ ഇന്നത്തെ ഗവർമെണ്ടിന്റെ ഭാവമെന്നുകൂടി ഞാൻ സംശയിക്കുന്നു. സർ, നാളികേരത്തിന്റെ അതിയായ വിലയിടിവുമൂലം കേരകർഷ കന്മാർ കഴുത്തോളം കടത്തിൽ മുങ്ങി കിടക്കുകയായിരുന്നു. അതിൽനിന്നു അവർക്കൊരാശ്വാ സം കിട്ടുന്നുടങ്ങിവന്നതേയുള്ളു. അതിൽനിന്നു് അവർ പൂർണ്ണിയായി രക്ഷ നേടീട്ടില്ല എന്നു മാത്രമല്ല, ഒരു പരമാർത്ഥം മാത്രമാണു്. വർദ്ധിച്ചിരിക്കുന്ന കൂലിച്ചിലവു്, വളങ്ങളുടെ അതി യായ വില കയറ്റം, ഇതിനെല്ലാം പുറമെ ജീവിതച്ചിലവിന്റെ തോതുംകൂടി കണ ക്കാക്കുമ്പോൾ ഏറ്റവും കൂടിയ നിലവാരത്തിൽ വെളിച്ചെണ്ണ വില എത്തിയ കാലത്തും കേ രകർഷനു ഒരു വലിയ ലാഭം ഉണ്ടായിട്ടില്ലെന്നുള്ളതു് മറച്ചുവെക്കുവാൻ നിവൃത്തിയില്ല. കടത്തിൽ മുങ്ങികിടക്കുന്ന കേര കർഷകനെ സഹായിക്കേണ്ട മുമതല ഈ ഗവർമ്മെണ്ടി നുണ്ടു്. പഞ്ചാബു്, സിൻഡ് മുതലായ രാജ്യങ്ങളിലെ നെൽകൃഷിക്കാരുടെ കഷ്ടതകളേയും കടബാധ്യതകളേയും പരിഹരിക്കുന്നതിനുവേണ്ടി അവടത്തെ ഗവർമ്മെണ്ടു ചെയ്തുവരുന്ന ആനുകൂല്യങ്ങളും പ്രസ്താവ്യങ്ങളാണു്. ഭക്ഷണക്ഷാമം മൂർദ്ധന്യാവസ്ഥയിലെത്തിയിരുന്നപ്പോൾ അരിയുടെ വിലയിൽ അന്യരിൽനിന്നും അമിതമായലാഭം അവിടത്തെ കർഷകർക്കുണ്ടാക്കി ക്കൊടുക്കുകയാണു് ആ ഗവർമ്മെണ്ടു് ചെയ്തതു്. അതു് കണ്ടില്ല, കേട്ടില്ല, എന്നുള്ള മട്ടിൽ കേന്ദ്രഗവർമെണ്ടു് കണ്ണടച്ചിരിക്കുന്നു. സിന്ധിൽനിന്നു് ഒരു ചാക്കു അരി നാല്പതുറുപ്പിക വില കൊടുത്തുവാങ്ങി.....

Mr. P. Govinda Menon *(Minister for Food and Education)*: That statement is not correct.

Mr. P. V. Sebastian *(Latin-Christians-Cranganur)*: What is the price of one bag of rice?

Mr. P. Govinda Menon *(Minister for Food and Education)*: Not 45 rupees.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: ഏറ്റവും കൂടിയ വിലക്കു വാങ്ങി പത്തോ പതിന ഞ്ചോ ഉറുപ്പിക ഓരോ ചാക്കിന്മേലും നഷ്ടപ്പെട്ട വില്പന നടത്തിയും മറ്റു പലേവിധ ത്തിലും ക്ഷേമവകുപ്പിൽ അഞ്ചും പത്തും ലക്ഷം ഉറുപ്പിക കൊല്ലത്താൽ നഷ്ടപ്പെടുത്തിക്കൊ ണ്ടിരിക്കുന്ന ഈ കൊച്ചി ഗവർമ്മെണ്ടു്; ആ നഷ്ടത്തിന്റെ ഒരു ഭാഗം നികത്തുന്നതിനു വേ ണ്ടി ഇവിടത്തെ നെൽകൃഷിക്കാരെ തോല്പിച്ചുകൊണ്ടിരിക്കുന്ന ഈ കൊച്ചിഗവർമ്മെണ്ടു് (ഹി യർ, ഹിയർ), ഈ രാജ്യത്തെ ഒരു ദേശീയസമ്പത്തിനെ, ഈ രാജ്യത്തെ കൃഷിക്കാരുടെ നട്ടെ ല്ലു പൊടിഞ്ഞു ഉണ്ടാക്കുന്ന മുതലെടുപ്പിനെ ഇന്നപ്രകാരം ബ്രിട്ടിഷിൻഡ്യയിലെ വമ്പിച്ച മില്ലുടമസ്ഥന്മാക്കും വ്യവസായശാലകൾക്കും ആയി വീതിച്ചുകൊടുക്കുവാൻ ഇന്ത്യാ ഗവർമ്മെണ്ടു നിർദ്ദേശിച്ചാൽ അതു് അതേപടി സമ്മതിച്ചു സ്വീകരിച്ചു കൊടുക്കുവാനാണോ ഇന്നത്തെ നമ്മുടെ മന്ത്രിമാർ, പ്രത്യേകിച്ചും അതിനു ഉത്തരവാദപ്പെട്ട മന്ത്രിമാർ അവരുടെ സ്ഥാനങ്ങളിൽ കയറിപ്പറ്റിയിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു? പഞ്ചാബു്, സിൻ ഡു് എന്നീ പ്രോവിൻസുകളിലെ കർഷകന്മാരെ അവിടത്തെ ഗവർമ്മെണ്ടുകൾ സഹായിക്കുന്നുണ്ടു്. They are getting a higher price for their paddy from the other Provinces of India. അപ്രകാരം അവരെ ആ ഗവർമ്മെണ്ടുകൾ സഹായിക്കുന്നതുപോലെ.....

Mr. P. Govinda Menon *(Minister for Food and Education)*: If the Hon'ble Member will explain the scheme in Sind and Punjab under which they are helping the paddy cultivators of those provinces, I shall try to adopt that scheme here.

Mr. P. V. Sebastian *(Latin-Christians Cranganur)*: I shall explain it afterwards.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Balakrishna Menon *(Cheruthurathi)*: Is higher price given in Sind and Punjab?

Mr. P. Govinda Menon *(Minister for Food and Education)*: The cost price of one bag of rice purchased from outside comes to Rs. 28 and the cost of one bag of rice here comes to about Rs. 22.

Mr. Jos. K. Verghese *(Trichur North)*: What will be the transport charges?

Mr. P. Govinda Menon *(Minister for Food and Education)*: Transport charges are not paid to the paddy cultivators there. I may at this stage inform the House that the statement that the price per paddy per bag in Sind is Rs. 45 is incorrect and it comes to Rs. 28. The statement therefore that this Government is paying unduly high prices for the rice from the Punjab and Sind is incorrect and I would request the Hon'ble Member not to repeat it. I want to correct my statement. These Rs. 28 include transport charges also, so that the price there may be something less than Rs. 28.

Mr. President: The Hon'ble Member may proceed with his speech.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: സിൻഡിലെ നെൽകൃഷിക്കാക്ക കൊടുക്കുന്നഅരിയുടെ വിലയിൽ കുറഞ്ഞ വിലക്ക ഇൻഡ്യയിലെ മറവ സ്ഥലങ്ങളിൽനിന്നും അരി കിട്ടുന്നുണ്ടെന്ന അറിയാമൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സിൻഡ്, പഞ്ചാബ്, സെൻട്രൽ പ്രോവിൻസസ് ഇവിടങ്ങളിൽനിന്നാണ് ഇവിടത്തേക്ക് അരി വരുന്നത്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : സിൻഡിൽ മറവ രാജ്യങ്ങളെ അപേക്ഷിച്ച് അരിക്ക കൂടുതൽ വില കൊടുക്കുന്നുണ്ടൊ എന്നറിഞ്ഞാൽ കൊള്ളാം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അൽപസ്വൽപം വ്യത്യാസമുണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : സർ, ഇവിടത്തെ കേരകൃഷിക്കാർ, നാളികേരത്തിന്റെ അതിയായ വിലയിടിവു മൂലം വളരെ കൊല്ലത്തേക്ക അനുഭവിച്ച കഷ്ടപ്പാടുകളെ പരിഗണിച്ചു, അവരെ രക്ഷിക്കുവാൻ ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും ഒരു മതിയായ വില വാങ്ങികൊടുക്കുന്നതിന്ന ആ ഗവമ്മെണ്ടുമായി മല്ലിടുന്നതിനും ന്യായവാദം നടത്തുന്നതിനും ഇവിടത്തെ ഗവമ്മെണ്ടിനൊ മന്ത്രിമാക്കൊ ചൈതന്യമോ നട്ടെല്ലോ ഇല്ലാതെ ആയിപോയതു് ഇവിടത്തെ കേരകൃഷിക്കാരുടെ നിർഭാഗ്യമെന്നൊ, അഥവാ കൊച്ചി ഗവമ്മെണ്ടിന് ഇവിടത്തെ കേരകൃഷിക്കാരോടുള്ള അനാസ്ഥയെന്നൊ അനാദരവ് എന്നൊ എന്താണ് പറയേണ്ടതെന്ന നിങ്ങൾതന്നെ തീരുമാനിച്ചാൽ മതി. കൊച്ചിഗവമ്മെണ്ട് കേരകർഷകരോട് അന്യായമായ ഒരു അനീതി ചെയ്യുവെന്ന സമ്മതിക്കാതെ നിവൃത്തിയില്ല. കൊച്ചി ഗവമ്മെണ്ട് ഇൻഡ്യാഗവമ്മെണ്ടിനോട് ഇക്കാര്യത്തിൽ മല്ലിട്ടാൽ നമ്മുടെ അരിയും തുണിയും മുട്ടുമെന്ന് ഒരിക്കലും ശങ്കിക്കേണ്ടതില്ല. അതൊരു അന്യായമൊ അനാവശ്യമൊ അനുചിതമൊ ആണെന്ന പാവപ്പെട്ട ഞങ്ങൾക്ക തോന്നുന്നുമില്ല. പ്രത്യേകിച്ചും ഇന്നത്തെ ഗവമ്മെണ്ട് നമ്മുടെ ന്യായങ്ങൾ കേൾക്കുവാനും ആവലാതികൾ പരിഹരിക്കുവാനും സന്നദ്ധമായ ഒരു കേന്ദ്രഗവമ്മെണ്ടാണ്.

സർ, രണ്ടാമതായി എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുവാനുള്ളതു് ഇവിടത്തെ വിചിത്രമായ കൊപ്ര വിലനിയന്ത്രണത്തെപ്പറ്റിയാണ്. കൊപ്രയുടെ വില പിണ്ണാക്കിന്റെയും വെളിച്ചെണ്ണയുടേയും വിലയിൽനിന്നാണ് ആദ്യകാലം മുതല്ക്കേ കണക്കാക്കുന്നതെന്ന് ഒരു കൊച്ചുകുട്ടിക്കുപോലും അറിയാവുന്ന സംഗതിയാണ്. ആ സംഗതിയെ പരിഗണിച്ച് ഒരു കൊപ്രവിലനിയന്ത്രണം ഇവിടെ ആവശ്യമില്ലായിരുന്നു. പക്ഷെ അങ്ങനെ കൊപ്ര വില നിയന്ത്രിക്കാതെ വിട്ടാൽ ഗവമ്മെണ്ട് ഉദ്ദേശിക്കുന്നപോലെ മില്ലുകാക്ക് ഒരു വമ്പിച്ച ലാഭം ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കാതെവരുമെന്നുള്ള ഏകകുറവു മാത്രമേ ഞാൻ ഇതിൽ കാണുന്നുള്ളൂ. ഗവമ്മെണ്ടിന്റെ ആദ്യത്തെ ഉത്തരവനുസരിച്ചു നോക്കുന്നപക്ഷം ഒരു കണ്ടി കൊപ്രക്ക ൪൫ക.യോളം ആട്ടിക്കുലഭി മില്ലുകാരനു കിട്ടുമെന്നുള്ളതാണ് ആദ്യത്തെ ആ വിജ്ഞാപനംകൊണ്ടു കാണുന്നതു്. ഈ അന്യായം പൊതുജനങ്ങൾ ആക്ഷേപിച്ചുതോടുകൂടി, ഇതിനെസംബന്ധിച്ചു ആവലാതികൾ പറഞ്ഞു വന്നതോടുകൂടി കൊപ്രവില കൂട്ടി കർഷകരെ സഹായിക്കുന്നതിനു പകരം ഗവമ്മെണ്ടു കണ്ടുപിടിച്ച വിദ്യ പിണ്ണാക്കിന്റെ വില നിയന്ത്രണമാണ്. ൨൫ ക.യിൽ നിന്നും പിണ്ണാക്കിനു തൊണ്ണൂറുറുപ്പിക വിലയാക്കി നിയന്ത്രിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Minister for Food and Education)*: The price is Rs. 70 and not Rs. 90.

Mr. P. V. Sebastian *(Latin Christians-Cranganur)*: In the yesterday's Gazette it is there. I also had the opportunity of going through it. തൊണ്ണൂറുപ്പികയായി നിയന്ത്രിച്ചു. ആ നിലക്ക് നോക്കുകയാണെങ്കിലും ൨ ൭ ക. അട്ടക്കുലി കിട്ടും. ആദ്യം ൪ ൫ ക. യും, പിന്നീട് പതിയ വിളംബരപ്രകാരം ൨ ൭ ക യും അട്ടക്കുലികിട്ടുന്നുണ്ട്. പിന്നീട് പിണ്ണാക്കിന്റെ വില ഇന്നലത്തെ ഗസറ്റ്പ്രകാരം ൭ ൦ ക. യായി കുറച്ചു എന്നുകേട്ടു. സർ, ഈ മൂന്നാമത്തെ പട്ടക്കലും തിരുത്തലും കഴിഞ്ഞതിനുശേഷവും മില്ലുകാക്ക് ഇരുപതുറുപ്പിക ഒരു കണ്ടി കൊപ്രയിന്മേൽ അട്ടക്കുലികിട്ടുന്നതാണ്. ഏതായാലും കൊച്ചിഗവമ്മെണ്ട് മില്ലുകാരുടെ താല്പര്യത്തിൽ വളരെ ശ്രദ്ധ ചെലുത്തിയിട്ടുള്ളതായിട്ടാണ് ഈ നിയന്ത്രണംകൊണ്ട് കാണുന്നതു്. ഇപ്പോൾ ഒരു കായ്ംക്കുടി പ്രത്യേകം തെളിയുന്നുണ്ട്. കൊപ്രവില അന്നും ഇന്നും ഒരേ നിലയിൽ നില്ക്കുകയും, പിണ്ണാക്കിനു ആദ്യം ൧൫ ൦ ക. യായും പിന്നീട് ൯ ൦ ക. യായും വിൽക്കാൻ പറഞ്ഞ ഗവമ്മെണ്ട് കൊപ്രവിലയിൽ വ്യത്യാസം വരുത്താതെ ഇന്നു പിണ്ണാക്ക് ൭ ൦ ക. യായി വിൽക്കണമെന്നു് പറയുന്നതുകൊണ്ടുതന്നെ ഗവമ്മെണ്ട് ഈ കൊപ്രവില നിയന്ത്രണത്തിൽ എത്രമാത്രം പക്ഷപാതിത്വം കാണിച്ചിട്ടുണ്ടായിരുന്നുവെന്നു് മനസ്സിലാക്കുവാൻ പ്രയാസമുണ്ടോ? എഴുപതുറുപ്പികക്ക് വിൽക്കുന്നതിനു് പകരം നിയന്ത്രിത വിലക്കു വാങ്ങി ആട്ടിയ കൊപ്രയിൽനിന്നും കിട്ടിയ പിണ്ണാക്കു് തൊണ്ണൂറുപ്പികക്കും നൂറിനാല്പതുറുപ്പികക്കും വിറ്റു് മില്ലുകാക്ക് കിട്ടിക്കഴിഞ്ഞ ലക്ഷക്കണക്കിനുള്ള പണം ഗവമ്മെണ്ടു് കേരകർഷകക്കു് മടക്കി കൊടുക്കുവാൻ മില്ലുകാരോടു പറയുമോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ? അയൽ രാജ്യമായ തിരുവിതാംകൂറിൽ എന്റെ ഒരു കർഷക സഹോദരൻ ഒരു കണ്ടി കൊപ്ര ൫൩ ൦ ക. യായി വില്ക്കുമ്പോൾ, ൫൩ ൦ ക. യായി കച്ചവടം നടത്തുമ്പോൾ, ഞാൻ കൊച്ചിക്കാരനായിപ്പോയി എന്നുള്ള ഏകകാരണം കൊണ്ടു് എന്റെ സഹോദരൻ വില്ക്കുന്ന വിലയിൽ പകുതിയിൽ താഴെ വരുന്ന ഒരു വിലയ്ക്കു അതായതു് ൨ ൫ വ൩ ൯/൪ ക. യ്ക്കു് എന്റെ കൊപ്ര വില്ക്കണമെന്നാണൊ എന്റെ ഗവമ്മെണ്ടു എന്നെ ശാസിക്കുന്നതു്? ഇതു ന്യായമാണൊ, നീതിയാണൊ എന്നുമാത്രമാണു എന്റെ ചോദ്യം. ഇന്നലത്തെ തിരുവിതാംകൂർ പത്രങ്ങൾ നോക്കുന്നപക്ഷം നമുക്കു് കാണാൻ സാധിക്കും ആലപ്പുഴയിൽ കൊപ്രയ്ക്കു ൫൩ ൦ ക. യായി കച്ചവടം നടന്നുഎന്നു്. അതു് ബ്ലാക്കുമാർക്കറ്റാ വൈറ്റുമാർക്കറ്റാ എന്നു് നിങ്ങൾ തന്നെ തീർച്ചയാക്കിയാൽ മതി.

Choudhuri G. S. Dhara Singh *(Mattancheri)*: Black-market.

Mr. P. V. Sebastian *(Latin Christians-Cranganur)*: Not exactly black-market in the open market, Sir.

Choudhuri G. S. Dhara Singh *(Mattancheri)*: Not exactly black-market.

Mr. Prsident: Order, Order. I ask the Hon'ble Members not to interrupt.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഇനി ഇവിടത്തെ permit സമ്പ്രദായത്തെപ്പറ്റി അല്പം എനിക്കു പറയാനുണ്ടു്. സർ, തിരുവിതാംകൂറിൽനിന്നും, ബ്രിട്ടീഷു് മലബാറിൽനിന്നും കൊല്ലംതോറും കൊച്ചിയിലേക്കു് ധാരാളം കൊപ്ര വന്നിരുന്ന എന്നും, ഇവിടെനിന്നും ഒരു കൊത്തു് കൊപ്രപോലും തിരുവിതാംകൂറിലേക്കു് പോയിരുന്നില്ല എന്നും ഗവമ്മേണ്ടിനു് നല്ലപോലെ അറിയാവുന്ന നിലക്കു് ഈ നിയന്ത്രണം ഒരിക്കലും ആവശ്യമുണ്ടായിരുന്നില്ല. ഇവിടെ ഉണ്ടാക്കുന്ന വെളിച്ചെണ്ണയിൽ വ്വം ശതമാനവും പുറത്തേക്കു് പോകുകയാണെന്നും ഗവമ്മെണ്ടിന്നറിയാം. ഇവിടത്തെ വെളിച്ചെണ്ണ കച്ചവടക്കാക്കും മില്ലുകാക്കും അവരുടെ വെളിച്ചെണ്ണ സ്വതന്ത്രമായി വിറ്റഴിക്കുവാനുള്ള സൌകര്യങ്ങളും ഗവമ്മെണ്ടു് കൊടുക്കാത്ത പക്ഷം കൊച്ചിയിലെ വെളിച്ചെണ്ണ കച്ചവടംതന്നെ തീരെ നിന്നു നശിച്ചുപോകുന്നതാണു്. മട്ടാഞ്ചേരിയിൽ വെളിച്ചെണ്ണ, പിണ്ണാക്കു്, നാളികേരം ഇതുകളിൽ വ്യാപരിച്ചിരുന്ന കുറെ കച്ചവടക്കാർ അവരുടെ കച്ചവടം ആലപ്പുഴക്കു് മാറ്റിട്ടുണ്ടെന്നും, അതുമൂലം അവരുടെ കീഴിൽ ജോലിചെയ്തിരുന്ന ആയിരക്കണക്കിനുള്ള തൊഴിലാളികൾക്കു് ജോലിയില്ലാതായിത്തീർന്നിട്ടുണ്ടെന്നും കേൾക്കുവാൻ ഇടയായിട്ടുണ്ടു്. ഈ കച്ചവടക്കാരുടെ പോക്ക നിമിത്തം വില്പന നികുതി, ആദായനികുതി, Port dues ഫീസു് എന്നീ ഇനങ്ങളിൽ ഒരു വമ്പിച്ച നഷ്ടം ഇക്കൊല്ലത്തിൽ ഗവമ്മെണ്ടിനു വഹിക്കേണ്ടിയും വരും. ഇനി എനിക്ക അവസാനമായി പറയുവാനുള്ളതു് ഇവിടത്തെ വെളിച്ചെണ്ണയുടെ ചില്ലറ വില്പന നിയന്ത്രണത്തെപ്പറ്റിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുമുമ്പുവരെ മിൽ റയിറ്ററിൽനിന്നും അഞ്ചോ ആറോ ഉദ്യോഗസ്ഥർ കൂടതലിനു കച്ചവടക്കാർ ചില്ലറയായി വിറ്റിരുന്നില്ല. എന്നാൽ ഇപ്പോൾ ഉപഭോക്താക്കളെ സഹായിക്കുന്നതിനുവേണ്ടി മിൽ റയിറ്ററിൽനിന്നും ൪൦ കി.ഗ്രാം കൂടതലിനു വില്ക്കുണമെന്നാണ ഉത്തരവ്. ഇവിടത്തെ ജനങ്ങൾ പുറമേയുള്ള ആളുകൾ വാങ്ങുന്നതിനേക്കാൾ കൂടുതൽ വിലവെച്ചു് വാങ്ങിക്കണമെന്നാണ് വെച്ചിരിക്കുന്നതു്. ൪൭ ദിവസത്തിനുള്ളിൽ അഞ്ഞൂറോ ആയിരമോ നാളികേരം കിട്ടുന്ന ഒരു കർഷകൻ അവന്റെ നാളികേരം നഗ്രം-ന്റെ ഏക്കത്തിനു് വില്ക്കുണമെന്നും അവനാവശ്യമുള്ള അഞ്ചോ പത്തോ റാത്തൽ വെളിച്ചെണ്ണ ൪൦ കി. ഏക്കത്തിനു് വാങ്ങിക്കണമെന്നും പറയുന്ന നിയമത്തിന്റെ അനൌചിത്യത്തെക്കുറിച്ചോ വകതിരിവുകേടിനെപ്പറ്റിയോ ഞാൻ ഒന്നുംതന്നെ ഇവിടെ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നില്ല. സർ, ഇതിനെപ്പറ്റി അവസാനമായി പറയാനുള്ളതു് ഒന്നുമാത്രമാണ്. വെറും പ്രചരണത്തിനു് വേണ്ടി ഇവിടത്തെ ഒരു അതിപ്രധാനമായ വ്യവസായത്തേയും, ദേശീയ സമ്പത്തിനേയും ക്ഷയിപ്പിക്കുവാനും, നശിപ്പിക്കുവാനും ഞങ്ങളുടെ മന്ത്രിമാർ കൂട്ടുനില്ക്കുതെന്നാണ് ഞാൻ പറയുന്നതു്. അബദ്ധങ്ങൾ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതു് തിരുത്തുവാനുള്ള ഒരു ഔചിത്യബോധവും, കഷ്ടകരായ ഞങ്ങളെ സഹായിക്കുവാനും ഞങ്ങളുടെ ആക്ഷേപങ്ങളും ആവലാതികളും കേൾക്കുവാനുള്ള ഒരു സന്മനസ്സു ഉണ്ടാകണമെന്നുമാണ് എനിക്കു് ഒരു അപേക്ഷയുള്ളതു്. കഞ്ഞികുടിക്കുവാനുള്ള ഞങ്ങളുടെ വക ഞങ്ങളുടെ മന്ത്രി മുട്ടിച്ചുവെങ്കിലും, ആ ചെറിയ റേഷൻ കാര്യത്തെപ്പറ്റിയും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ജനകീയ മന്ത്രിമാരുടെ കയ്യിലേക്കു് ഭക്ഷ്യവകുപ്പു് വിട്ടുകൊടുത്തതോടുകൂടി, ഏതാണ്ടു് ആ സമയത്താണെന്നു തോന്നുന്നു, കൊച്ചിയിലെ റേഷൻ തോതു് പ്രതിദിനം ആളൊന്നുക്കു് രണ്ടു് ഔൺസ് വീതം കുറച്ചിട്ടുണ്ടു്.....

Mr. P. Govinda Menon *(Minister for Food and Education):* Absolutely incorrect. It was long long before. Why do you make such veiled unnecessary attacks ?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Take it as your inheritance.

Mr. P. Govinda Menon *(Minister for Food and Education):* That is not what the speaker says.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : അതിനുശേഷം ജനകീയ മന്ത്രിമാർ അവരുടെ സ്ഥാനങ്ങളിൽ കയറി പിടിച്ചു്.....

Mr. P. Govinda Menon *(Minister for Food and Education):* Will not the Hon'ble Member accept the statement that it was before our taking charge ?

മിസ്റ്റർ പി വി. സബാസ്റ്റ്യൻ : മന്ത്രിമാർ വരുന്നതിനു് മുമ്പോ, വന്നിട്ടോ, കുറച്ചതായ റേഷൻതോതു് ഇതുവരെയും നികത്താൻ സാധിക്കാത്തതിൽ വളരെ പരിതപിക്കേണ്ടിയിരിക്കുന്നു.

Mr. President: Has the Hon'ble Member nearly finished ?

Mr. P. V. Sebastian *(Latin-Christians-Cranganur):* Three minutes, Sir.

Mr. President : Two minutes more.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഇന്ത്യയിലെ വിളവെടുപ്പു് ഈ കൊല്ലത്തിൽ സാമാന്യേന തൃപ്തികരമാണെന്നാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഫ്രഞ്ച്-ലെ കൊച്ചിയിലെ വിളവെടുപ്പും അത്ര മോശമല്ലെന്നാണു് മനസ്സിലാകുന്നതു്. ഇതിനുംപുറമെ ഭക്ഷ്യവകുപ്പു് മന്ത്രി അരിയുടെ അനാവശ്യചിലവു് ചുരുക്കുവാനായി പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നും കേൾക്കുന്നുണ്ടു്. ഊട്ടുപുരദ്യനിത്തുക, ക്ഷേത്രങ്ങളിലെ ചിലവു് ചുരുക്കുക, ഒന്നര പറ അരിയിൽ കൂടുതൽവെച്ചു് സദ്യകൾ നടത്തുവാൻ വയ്യെന്നു് നിർബ്ബന്ധിക്കുക മുതലായ നല്ല നല്ല കാര്യങ്ങളെയെല്ലാം നടപ്പിൽ വരുത്തികൊണ്ടു് അരി ചിലവു് ചുരുക്കാനുള്ള ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടെങ്കിലും, ഇതേവരെ റേഷൻതോതു് അല്പമെങ്കിലും വർദ്ധിപ്പിക്കുവാൻ സാധിക്കാത്തതു് എന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല. ഇക്കാര്യത്തിൽ ജനങ്ങൾക്കു ആക്ഷേപവും ആവലാതിയുമുണ്ടു്. പിന്നെ ഗോതമ്പുകൂടി വാങ്ങിക്കണമെന്നുള്ള നിർബ്ബന്ധം മാറ്റിയാൽ വളരെ നന്നു്. സർക്കാർ വിലയ്ക്കു് ഗോതമ്പുവാങ്ങി നിസ്സാര വിലയ്ക്കു് പുറത്തുവിറ്റു് സാധുക്കൾ വളരെ നഷ്ടം അനുഭവിക്കുന്നുണ്ടു്. ചില രാജ്യങ്ങളിൽ ഗോതമ്പിന്റെ ദൌർല്ലഭ്യം ഉണ്ടെന്നാണു് അറിയുന്നതു്. അവിടങ്ങളിലേക്കു് നമ്മുടെ ഗോതമ്പു് കൊടുത്തു്, നമുക്കു് കിട്ടാവുന്നേടത്തോളം അരി വാങ്ങണം എന്നും, ഗോതമ്പു് വാങ്ങണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിബ്ബന്ധം എടുത്തുകളയണമെന്നും അപേക്ഷിച്ചുകൊണ്ടു സമയമില്ലാത്തതിനാൽ ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Mrs. K. M. R. Menon *(Trichur Women)*: Sir, I wish to make a suggestion regarding sugar rationing. At present, an adult gets one pound a month and a child only half the quantity; but children need more sugar, no doubt.

Mr. P. Govinda Menon *(Minister for Food and Education)*: I think the Hon'ble Member is not correct, The same quantity is given to both adults and children

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Is the answer of the Hon'ble Minister correct?

Mrs. K. M. R. Menon *(Trichur Women)*: Only half pound is given to children. Children need more sugar. If the Government like a child also can get an equal quantity, if not more.

Rao Sahib K. Ayyappan *(Minister for Public Works)*: That is for children below 8 years.

Mrs. K. M. R. Menon *(Trichur Women)*: Yes, but the babies want more sugar. I can drink milk without sugar, but a child refuses to take milk without sugar.

Mr. P. Govinda Menon *(Minister for Food and Education)*: I want to correct the Hon'ble Member. With respect to sugar, both children and adults get an equal ration.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: And what is it? Only 10 ounces.

Mr. P. Govinda Menon *(Minister for Food and Education)*: Yes.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സർ, വാണിജ്യവ്യവസായത്തെ പ്രതിനിധീകരിക്കുന്ന ഒരു പ്രതിനിധിയെന്നനിലയിൽ വാണിജ്യവ്യവസായ വിമർശനകാര്യത്തിൽ രണ്ടുവാക്ക് പറയുന്നതു് അസ്ഥാനത്താവുകയില്ലെന്നു കരുതിയാണു് കുറച്ചൊന്നു പറയാമെന്നു ഞാൻ കരുതുന്നതു്. ഭക്ഷ്യവിഭജനവകുപ്പിന്റെ വിതരണസമ്പ്രദായത്തെ കൂടുതൽ കാര്യക്ഷമതയോടും കൂടുതൽ ഫലപ്രാപ്തിയോടും ഉത്തരവാദിത്വബോധത്തോടും കൂടി നടത്തേണ്ടതാണെന്നുള്ള പൊതുജനങ്ങളുടെ അഭിപ്രായംകൊണ്ടും ബഹുമാനപ്പെട്ട നിയമസഭാസാമാജികന്മാരുടെ മുറവിളിയുടെ ഫലമായിട്ടുമാണു് നമുക്കു് ജനകീയ മന്ത്രിമാരെ ലഭിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചുതെന്നു പറയുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. പ്രത്യേകിച്ചു് ഭക്ഷ്യവകുപ്പിനു പ്രത്യേകമായിട്ടു ഒരു മന്ത്രിയെ കിട്ടിയതിൽ വളരെ സന്തോഷമുണ്ടു്. എന്നാൽ ഇപ്പോഴത്തെ ഭക്ഷ്യവിഭവവിതരണസമ്പ്രദായം നോക്കുന്നതായാൽ കേവലം നിരുത്തരവാദിത്വത്തോടുകൂടിയാണു് നടന്നുവരുന്നതെന്നു നിസ്സംശയം പറയേണ്ടിവന്നതിൽ അതിയായ വ്യസനമുണ്ടു്. ഇതിനെ സംബന്ധിച്ചു് എത്രതന്നെ വന്നു പറഞ്ഞാലും "പോത്തിന്റെ ചെവിയിൽ കിന്നരം വായിക്കുന്നു"തുപോലെയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗവണ്മെണ്ടിനു പോത്തുണ്ടോ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഉവ്വു്. മേത്തരം സിന്ധിജാതി പോത്തുകളുണ്ടു്. പോത്തിന്റെ ചെവിയിൽ കിന്നരം വായിച്ചാൽ എങ്ങിനെയിരിക്കും, അതുപോലെയാണു്. ഏതാണ്ടു് ഒരുമാസം മുമ്പാണു് ഇടങ്ങഴി വെളിച്ചെണ്ണക്കു് ഫ. ക. വ്യ. പ്രകാരം വില നിയന്ത്രിച്ചതു്. ഇങ്ങിനെ വില നിയന്ത്രിച്ചപ്പോൾ അതുകൊണ്ടുണ്ടാകുന്ന ലാഭനഷ്ടം എന്തായിരിക്കുമെന്നു നോക്കീട്ടാണു് ഓർഡർ അയച്ചിരുന്നുവെങ്കിൽ അതിൽ തെറ്റുണ്ടാക്കുമായിരുന്നില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ലാഭം പോരായെന്നാണൊ പറയുന്നതു്?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: രണ്ടു പവുണ്ടിന്റെ വിലക്കു് ഒരു ഇടങ്ങഴി വെളിച്ചെണ്ണ വിറ്റാൽ എങ്ങിനെയാണു് ലാഭംകിട്ടുക? ഏതാണ്ടു ഒരുമാസത്തിനു മുമ്പാണു് ഒരുഇടങ്ങഴി വെളിച്ചെണ്ണയൊ, അല്ലാത്ത പക്ഷം രണ്ടു പവുണ്ടു് വെളിച്ചെണ്ണയൊ, ഫക. വ്യണ. വിലക്കു് വിറ്റുകൊള്ളുണ്ടതാണെന്നു ഗവണ്മെണ്ടിൽനിന്നു ഒരു ഉത്തരവു പുറപ്പെടുവിച്ചതു്. ഈ കല്പന പുറപ്പെടുവിച്ചപ്പോൾ ഒരുഇടങ്ങഴി വെളിച്ചെണ്ണ രണ്ടു പവുണ്ടൊ, അതിൽ കൂടുതലൊ, കുറവൊ ഉണ്ടാകുകയെന്നു ബഹു. ഭക്ഷ്യവകുപ്പു മന്ത്രി മനസ്സിലാക്കിയിരുന്നുവെങ്കിൽ, ഇത്തരം കല്പന ഉണ്ടാവുകയില്ലായിരുന്നു. അയതു് കച്ചവടക്കാർ മുഖേന വില്ക്കുന്നതുകൊണ്ടു ഇത്രവേഗത്തിൽ അതിന്റെ താരതമ്യം അറിയുന്നതിനും, ഇവിടെ മുറവിളികൂട്ടുന്നതിനും ഇടയായി. നേരേമറിച്ചു് ഗവണ്മെണ്ടിൽനിന്നു നേരിട്ടു വിലക്കു വിറ്റിരുന്നുവെങ്കിൽമറ്റു സാമാനങ്ങളിന്മേൽ ഗവണ്മെണ്ടിലേക്കു കൊല്ലംതോറും നേരിടുന്ന നഷ്ടത്തിന്റെ ഒരു ഇരട്ടി ലക്ഷം ഉറുപ്പിക നഷ്ടം വരുമായിരുന്നു. അങ്ങിനെയല്ലാത്തതുകൊണ്ടു കച്ചവടക്കാർക്കു

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടുകൊണ്ടിരുന്ന നഷ്ടത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള മറുവിളിയുടെ ഫലമായിട്ട് വിലഭേദപ്പെടുത്തുന്നതിനു ഇടവരികയും ചെയ്തു കൊച്ചിരാജ്യത്തിലെ പൊതുജനങ്ങളുടെയും കച്ചവടക്കാരുടെയും ഗവണ്മെണ്ടിന്റെയും ഒരു ഭാഗ്യമെന്നേ പറയേണ്ടതുള്ളൂ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്തുലാഭം ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാമല്ലൊ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഗവണ്മെണ്ട് ഈ നിലയിൽ ഏറെടുത്തു വിറ്റാൽ യാതൊരു വിരോധവുമില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ നഷ്ടം വന്നിട്ടുള്ള ൪൦ ലക്ഷംറുപ്പിക വ്യ൦ ലക്ഷമായിത്തീരുമായിരുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ആ തെറ്റു തിരുത്തിയിട്ടില്ലെ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: തിരുത്തി, പക്ഷെ തിരുത്തുന്നതിനുള്ള താമസംകൊണ്ടു കച്ചവടക്കാക്കു ഉദ്ദേശം ൪൦,൦൦ ൦ക. മാത്രമേ നഷ്ടംവന്നുള്ളൂ. ഫീസ്സുമേടിച്ചുകൊണ്ടുമാത്രം അഡൈ്വസറി കമ്മറ്റിയിലിരിക്കുവാനുള്ള മെമ്പർമാരുണ്ടായാൽ പോരാ. അതിൽകാര്യം അറിയാവുന്ന ആളുകളും കൂടിവേണം. കച്ചവടം അറിയാവുന്ന ആളുകളെ വെക്കണം. വെറുതെ പ്രായോഗികമല്ലാത്ത ഒരു കമ്മറ്റിയെ വെക്കുന്നതുകൊണ്ടു എന്താൺ പ്രയോജനം?

Deserving people should be appointed in the Advisory Committee. We, the public of Cochin, want the Government to do that.

Mr. M. K. Raja *(Mulakunnathukavu)*: May I inform the House that the Advisory Committee was not consulted in this particular matter.

Mr. M. O. Thomakutty *(Commerce and Industry)*: Why not?

Mr. P. Kumaran Ezhuthasan *(Vadakkancheri)*: Then the crime is greater.

മിസ്റ്റർ എം. ഒ തോമക്കുട്ടി: സർവ്വാധികാരമുള്ള കേബിനറ്റിൽ പരമാധികാരമുള്ള ഒരു മന്ത്രിയെയല്ലെ വെച്ചിട്ടുള്ളതു്. ഇതുയും ഒരു അനിഷ്ടസംഭവം കണ്ടുകൊണ്ടു് കൊച്ചിരാജ്യത്തിലെ ജനങ്ങൾ അടങ്ങിയിരിക്കുകയില്ല. ഇതുമാതിരിയുള്ള നിരുത്തരവാദിത്വം കൊണ്ടല്ലെ ൪,൦൦൦ക. ഒരു വ്യക്തിക്കു് ഒരു ഇനത്തിൽ നഷ്ടപ്പെടേണ്ടിവന്നതു്. ഇതു കച്ചവടക്കാരായതുകൊണ്ടു സഹിച്ചു. നേരെമറിച്ചു് ഗവണ്മെണ്ടിനാണു് ഇതുപോലെ ഒരു നഷ്ടം വന്നിരുന്നതെങ്കിൽ കൊച്ചിരാജ്യത്തിലെ ജനങ്ങളോടു ഗവണ്മെണ്ടു മുമ്പല പറയേണ്ടിവരികയില്ലെ?

മിസ്റ്റർ പി. കെ. ഡീവർ: ഈ വെളിച്ചെണ്ണ നിയന്ത്രണത്തിലുള്ള പിശകുതിരുത്തിട്ടില്ലെ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇപ്പോൾ തിരുത്തീട്ടുണ്ടു്. ആദ്യമെ ബുദ്ധിപൂർവ്വം ചെയ്തിരുന്നുവെങ്കിൽ തിരുത്തേണ്ടതായ ആവശ്യമേ വരികയില്ലായിരുന്നു. തിരുത്തുന്നതിനുകാലതാമസം നേരിട്ടതിൽ കച്ചവടക്കാർ സഹിക്കേണ്ടിവന്ന നഷ്ടത്തെപ്പറ്റിയാണു് പറയുന്നതു്. ഇത്തരം ഓരോതരം നഷ്ടങ്ങൾ കച്ചവടക്കാക്കു ഗവണ്മെണ്ടു വരുത്തിക്കൊണ്ടിരിക്കുന്നതിനും പുറമെ വെറുതെ ആളുകളെകഷ്ടപ്പെടുത്തുന്ന വിധത്തിലുള്ള ടാക്സും മുമ്പത്തിട്ടുണ്ടു്. സെയിൽസ് ടാക്സ്, അഗ്രികൾച്ചറൽ ടാക്സ് സൂപ്പർടാക്സ്, ഇങ്ങിനെയൊക്കെയുള്ളടാക്സ് കൊണ്ടു ആളുകളെ കഷ്ടപ്പെടുത്തുന്നുണ്ടു്. ഏറ്റവുംബോമ്പു് പ്രയോഗിക്കുമെന്നുകണ്ടു ആളുകൾ ഓടിപ്പോകുന്നതുപൊലെയാണു് ടാക്സിനെപേടിച്ചു് കച്ചവടക്കാർ ഇവിടെനിന്നു പോകുന്നതു്. പിന്നെ കച്ചവടക്കാക്കു ഉള്ളി, സബോള, പൊട്ടാസ്സു് മുതലായ സാധനങ്ങൾ അന്യരാജ്യങ്ങളിൽനിന്നു കൊണ്ടുവരത്തക്ക വിധത്തിൽ ഏർപ്പാടു ചെയ്താൽ തരക്കേടില്ല. കച്ചവടക്കാർ അന്യരാജ്യങ്ങളിൽപോയി മേൽപറഞ്ഞ ചരക്കുകൾ വാങ്ങികൊണ്ടുവന്നാൽ, പിന്നെ വില്ക്കുന്നതിനു ഗവണ്മെണ്ടു ഓഡർവേണം. ചരക്കു വന്നവിവരം അറിയിച്ചാൽ വില്ക്കുന്നതിനുള്ള ഓഡർ കിട്ടുന്നതിനു പത്തൊ, പതിനഞ്ചൊ, ദിവസംപിടിക്കും. അപ്പോഴെക്കും ചരക്കുകൾ വന്ന ചാക്കുകളും കൂടി ചീഞ്ഞുകഴിയും. ഫ്രീസ്സപ്പെ ഡിപ്പാർട്ടുമെണ്ടിൽ ഒരുപട്ടാളത്തിനുള്ള ആളുകളുണ്ടു്. എന്നിട്ടും ഈവക കാര്യങ്ങളിൽ യാതൊരു ശ്രദ്ധയുമില്ല. ഇതൊക്കെവേണ്ടതുപോലെ ചെയ്തിരുന്നുവെങ്കിൽ ആളുകൾക്കുതിന്നുവാൻ നല്ല സാധനങ്ങൾകിട്ടുമായിരുന്നു. കച്ചവടക്കാർ എന്നുപറഞ്ഞാൽ വെറും ചൂഷണക്കാരാണെന്നാണു് മനസ്സിലാക്കിയിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ശരിയല്ലെ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ ചൂഷണം ചെയ്യുന്നവരെന്നു പറയപ്പെടുന്നവരോടു ഗവമ്മെണ്ടുതന്നെ ഒന്നരകോടി ഉറുപ്പികയോളം ചൂഷണം ചെയ്യുകയുണ്ടു്. അതു് "എച്ചിൽതിന്നുന്ന നായയുടെ ചിറി നക്കുന്നതു" പോലെയാണു് ഗവമ്മെണ്ടു് ചെയ്യുന്നതു്. ൫ ൦ ൦ക. രൂപാ മേടിക്കുന്നതു കച്ചവടക്കാരെ ചൂഷണം ചെയ്യുവാനല്ല. വീടു നന്നാക്കുന്നതും മതിൽകെട്ടുന്നതുമെല്ലാം നോക്കിയാൽ പോരാ. കച്ചവടക്കാർ എന്നു പറഞ്ഞാൽ ഒക്കെ കരിഞ്ചന്തക്കാരാണെന്നാണു് വെപ്പു്. ഞാൻ ചോദിക്കുന്നു വാണിജ്യവ്യവസായമില്ലാത്ത ഏതു രാജ്യമാണു് അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു് എന്നു്?

കൊച്ചി മഹാരാജാക്കന്മാരുടെ പൂർവ്വചരിത്രം നോക്കിയാൽ വാണിജ്യവ്യവസായികൾക്കു വേണ്ടതായ പ്രോത്സാഹനങ്ങൾ ചെയ്തിരുന്നുവെന്നു കാണാവുന്നതാണു്. എന്നാൽ ഇപ്പോഴാകട്ടെ ഈരാജ്യത്തിൽ ഒരുമനുഷ്യക്കു് വ്യാപാരത്തിനു വരുവാൻ സാധിക്കാത്തവിധത്തിലുള്ള പരിതസ്ഥിതിയാണു് ഉള്ളതു്. ഇതെല്ലാം അക്രമരാഹിത്യങ്ങളാണു്. ഇതെല്ലാം കണ്ടു് കൊച്ചിരാജ്യത്തിലെ വ്യവസായികൾ അടങ്ങിയിരിക്കുകയില്ല. (ഹിയർ, ഹിയർ). അവർ വിപ്ലവത്തിനു സന്നദ്ധരാകും. അവർ അവരുടെ മരണമണിയുടെ നാദംകേട്ടുകൊണ്ടിരിക്കുകയില്ല. (ഹിയർ, ഹിയർ). അതുകൊണ്ടു ഈ കാര്യത്തിൽ ഗവമ്മെണ്ടു ക്ഷിപ്രകർമ്മമായിട്ടു് അന്വേഷിച്ചു് ഒരു നിവൃത്തിയുണ്ടാക്കണമെന്നുമാത്രമേ പറയുന്നുള്ളൂ. ഭക്ഷ്യവകുപ്പുവകുപ്പുമന്ത്രിയെ കാര്യക്ഷമതയോടും, ജനങ്ങൾക്കു ഉപകാരപ്രദവുമായ വിധത്തിൽ നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

കച്ചവടക്കാർക്കുവരുന്ന പല സാധനങ്ങളും പെർമിറ്റു് കൊടുക്കാതെ കത്തുപിടിപ്പിച്ചും വില്ക്കുവാൻ നിവൃത്തിയില്ലാതെയും നശിപ്പിച്ചുകളയുവാൻ ഇടവരുത്തരുതെന്നു് എനിക്കു് ഫുഡ്ഡ് ഡയറക്ടരോടും അപേക്ഷയുണ്ടു്. അദ്ദേഹത്തിന്നുതന്നെ അറിവുള്ള ഒരു കാര്യമാണു് ഉഴുന്നും തുവരപരിപ്പും ഒരായിരം ചാക്കു വീതം നാശമായിപ്പോയിട്ടുള്ളതു്. ആ രണ്ടു ഇനത്തിൽതന്നെ ൪ ൦, ൦൦൦ക. നഷ്ടം ഉണ്ടു്.

Forty thousand rupees I lost in that. They won't allow us to sell it to the people but they could give permits to send it out of Cochin but that also they won't. We are kith and kin. ഉഴുന്നും തുവരപ്പരിപ്പും ഒരായിരം ചാക്കുവീതം വരുത്തി, ആയ്തു് വില്പനക്കു് പെർമിറ്റു് ചോദിച്ച അവസരങ്ങളിൽ പെർമിറ്റു കൊടുക്കാതെയും, ഗവമ്മെണ്ടിന്നു ആവശ്യമുണ്ടെങ്കിൽ അവർ എടുക്കാതെയും കേവലം കത്തു പിടിപ്പിച്ചു് മനുഷ്യോപയോഗത്തിന്നും കന്നുകാലികൾക്കുപോലും തിന്നുന്നതിന്നു ഉപയോഗപ്പെടാതെ ഉപയോഗശൂന്യമാക്കി നശിപ്പിച്ചുകളയുന്നതാണൊ ഗവമ്മെണ്ടിന്റെ ബുദ്ധിപൂർവ്വമായ ഉപദേശകസമിതിയുടെ കാര്യപ്രാപ്തി. ഇതു് കേവലം "Dog in the manger policy" അല്ലയൊ, അതായതു് ഗവമ്മെണ്ടിന്നു ആവശ്യമാണെന്നു വരികിൽ എടുക്കുക, അല്ലാത്തപക്ഷം പുറമെകൊണ്ടുപോയി വില്ക്കുന്നതിന്നു അനുവാദം കൊടുക്കാതെയിരിക്കുക. ഇത്തരം പല ഇനങ്ങളും ഇപ്പോഴും ഗവമ്മെണ്ടിന്നു ആവശ്യമില്ലെന്നു തോന്നുന്നതു് പെർമിറ്റുകൊടുക്കാതെ കച്ചവടക്കാരെ മനഃപൂർവ്വം കഷ്ടപ്പെടുത്തുന്ന ആ മനഃസ്ഥിതി കണ്ടാൽ ഏതു് ഹൃദയമാണു് തകർന്നു പോകാത്തതു്? ബഹുമാനപ്പെട്ട ഫുഡ്ഡ് ഡയറക്ടരെ എനിക്കു് മുമ്പു കൊല്ലത്തെ പരിചയമുണ്ടു്. അദ്ദേഹത്തെ പരമാർത്ഥിയും സത്യസന്ധനുമാണെന്നു എനിക്കറിയാം? പക്ഷെ അദ്ദേഹം ഭക്ഷ്യവിതരണകാര്യത്തിൽ ഭക്ഷ്യസാധനങ്ങളെപ്പറ്റി അറിയുന്നവരോടു കൂടി ആലോചിച്ചു് കുലങ്കഷമായി പ്രവൃത്തിക്കുന്നില്ലെന്നുള്ള ഒരു ദോഷം മാത്രമേയുള്ളൂ. കഴിഞ്ഞകൊല്ലത്തിൽതന്നെ എനിക്കു് ഭക്ഷ്യവിഭാഗവിതരണത്തിൽ പലവീഴ്ചകൾ തോന്നീട്ടു ഞാൻ അതിനെ ചൂണ്ടികാണിച്ചു് ബഹുമാനപ്പെട്ട സഭയെ പലവിമർശനങ്ങൾ മുഖേന അറിയിച്ചിട്ടും പ്രസിഡൻറു് അവർകളോടു മുഖാവിൽ അറിയിച്ചിട്ടും പ്രസിഡൻറു് അവർകൾ അതിന്റെ ആവശ്യകതയെ നേരിട്ടു പറഞ്ഞു മനസ്സിലാക്കീട്ടും കേവലം അവയെല്ലാം നിരാഹരിച്ചു് ഒരു മക്കടമുഷ്ടി നയത്തെ അവലംബിച്ചതിലുള്ള പ്രതിഷേധത്തെ മാത്രമേ എനിക്കിവിടെ രേഖപ്പെടുത്തേണ്ടതുള്ളൂ. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഭരണം വന്നതിൽ പിന്നെയും ഈ വകുപ്പുകൈകാര്യംചെയ്യാതൊരു മാറ്റവും വന്നിട്ടില്ലെന്നതന്നെയല്ല സാല്പമെങ്കിലും കൂടുതൽ തന്നെയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ജനകീയമന്ത്രി വന്നതിനുശേഷമാണൊ ഇതു് നശിച്ചു പോയിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ജനകീയമന്ത്രി വന്നതിനുശേഷമുള്ളതു് വേ ണ്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ ൪൦,൦൦൦ ക. നഷ്ടം വന്നിട്ടുള്ളതു് ജനകീയ മന്ത്രി വന്നതിനുശേഷമാണൊ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെസംഭവിച്ചുതായ ഒരു ദുഷ്യംകൊണ്ടു് പറഞ്ഞ തണു്. ഇപ്പോൾ കൊച്ചിയിലെ ഗോഡൌണ് പരിശോധിക്കുകയാണെങ്കിൽ എത്രയൊ ചാക്ക സാധനങ്ങളാണു് ഉപയോഗമില്ലാതെ ചീത്തയായിട്ടുള്ളതെന്നു കാണാവുന്നതാണു്. ൨൦,൦൦൦ ചാക്കു അരിതന്നെ ചീത്തയായിട്ടുണ്ടു്.

Mr. P. Govinda Menon *(Minister for Food and Education):* Now we understand your speech.

Mr. M. O. Thomakutty *(Commerce and Industry):* You can understand it. I will make you understand the points.

Mr. President: Have you finished your speech?

Mr. M. O. Thomakutty *(Commerce ad Industry):* I am finishing the speech.

ഇതു പോലെതന്നെ ഗവണ്മെണ്ടിൽനിന്നു വാങ്ങിട്ടുള്ള ടിൻ പ്രൊവിഷൻ സം ബന്ധിച്ചു് കുറച്ചു് പറയേണ്ടതുണ്ടു്. മനുഷ്യോപയോഗത്തിനു ഒരു വിധത്തിലും പറ്റാത്ത തായ വ്യ ലക്ഷം ഉറപ്പിക്കുള്ള സാധനങ്ങളും ആണു് നമ്മൾ വാങ്ങിയിരിക്കുന്നതു്. അതിൽ രണ്ടൊ നാലൊ ലക്ഷത്തിനുള്ളതു് പീറ്റതുകഴിച്ചു് ബാക്കി മുഴവനും നാശമായി ജനോപദ്ര വത്തിനു ഹേതുവായിത്തീരത്തക്കവിധത്തിൽ നമ്മുടെ തലസ്ഥാന നഗരിയായ എറണാകുള ത്തെ ഫിഷ്സപ്ലൈഡയറക്ടർ ആപ്പീസ്സിനടുത്തുള്ള ഗോഡൌണുകളിൽ ശേഖരിച്ചു് അതിൽ നിന്നു് പുറപ്പെടുന്ന ദുർഗ്ഗന്ധവാസനകൊണ്ടു് ഏറെ വിഷൂചിക, കോളറ, മുതലായവ ക്ഷണിച്ചു വരുത്തുന്നതിന്നായിട്ടു് ഇങ്ങിനെ ഒരു ഏർപ്പാടുണ്ടുന്നതോന്നുമാറു് അത്രക്കു് ഭയനീയമാ യ സ്ഥിതിയിൽ ആ ഗോഡൌണുകളിൽ ഇരിപ്പുള്ള ഭക്ഷ്യവിഭവങ്ങൾ ചീഞ്ഞളിഞ്ഞു അ ടിപ്പെട്ടു് കിടക്കുന്നതു കണ്ടാൽ ഏതു് ഹൃദയമാണു് തകർന്നുപോകാത്തതു്? ഇതു് ഗവണ്മെ ണ്ടിന്റേതായതുകൊണ്ടാണൊ മനഃപൂർവ്വമല്ലാതെ അധികൃതന്മാർ ലഘൂകരിക്കാത്തതു്? ഒരു വ്യ ക്തിയുടെ ആയിരുന്നുവെങ്കിൽ അവൻഎന്തെല്ലാം കഠോരത്തിനും ശിക്ഷക്കും വിധേയനാക മായിരുന്നു.

Mr. P. Kumaran Ezhuhassan *(Vadakkancheri):* Is it a fact, Sir.

Mr. P. Govinda Menon *(Minister for Food and Education):* I will answer.

Mr. M. O. Thomakutty *(Commerce and Industry):* I know personally, I am speaking with reliable knowledge.

ഒന്നാമതായിട്ടു പ്രായോഗികമായിട്ടുള്ള കാര്യങ്ങളെ പറ്റി ആലോചിക്കേണ്ടതാണു്. കേന്ദ്രപ്രത്തകസമതിയിൽ ഇതിനെപ്പറ്റി വിവരമുള്ള കക്ഷിവടക്കാർ ഉണ്ടായിരിക്കണം. ആയതുകൊണ്ടു് മേലിൽ ഇത്തരത്തിലുള്ള ദോഷങ്ങളൊന്നും കൂടാതെ വളരെ കാര്യക്ഷമതയോ ടുകൂടി ഈ ഡിപ്പാർട്ടുമെൻറ് നടത്തിക്കേണമെന്നു പറഞ്ഞുകൊണ്ടു് തൽക്കാലം വിരമിച്ചു കൊള്ളുന്നു.

The House rose for lunch at 1-30 p.m. and re-assembled at 2-30 p.m. with M. R. Ry. L. M. Pylee Avl., Deputy President in the Chair.

Mr. P. Govinda Menon *(Minister for Food and Education):* Sir, after this debate on food is over, it is the desire of this House to make a reference on the floor of this House to Sir George Boag who may not attend the next sitting. I wish to make that statement.

Deputy President: I presume the House agree to that. After the discussion is over there will be a reference to the retiring Diwan.

Mr. Parambi Lonappan *(Irinjalakkuda):* We support that suggestion.

Mr. V. R. Krishnan Ezhuthassan *(Oorakam):* The time may be fixed.

Deputy President: If I remember correct, the President has said this morning that the discussion will be over by 3-30 and the Hon'ble Minister will reply at 3-30, and after that we can take up this.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. നാരായണമേനോൻ: അടുത്തകാലത്തു് പൊതുജനങ്ങളുടെ ശ്രദ്ധ ഏറ്റവും അധികം പതിഞ്ഞിട്ടുള്ള ഇൻറിം ഗവൺമെണ്ടിൻെറ ഭക്ഷ്യവകുപ്പിനെ സംബന്ധിച്ചു് അറിയുന്നതിനുള്ള കാര്യങ്ങളിൽ പ്രാധാന്യം അർഹിക്കുന്നതു് മൂന്നു സംഗതികളാണു്. അതിൽ ഒന്നാമത്തേതു് കേരവിഭവങ്ങളുടെ വിലനിയന്ത്രണം. രണ്ടാമതായി പഞ്ചസാരയുടെ വിലക്കുടുതൽ. മൂന്നാമതായി നെല്ലിൻെറ കണ്ടുവരുന്ന ശ്രുഷ്കാന്തി. പ്രത്യേകിച്ചു് ഈ രാജ്യത്തിൽ വ്യവസായത്തേയും വാണിജ്യത്തേയും സ്പർശിക്കുന്ന ഒരു സംഗതിയാണു് കേരവിഭവങ്ങളുടെ നിയന്ത്രണം. ഈ മൂ സംഗതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് അതു് തന്നെയാണു്. നാളികേരത്തിൻെറ വില നിയന്ത്രിക്കേണ്ടതെന്നോ, നാളികേരമില്ലാത്തവർക്കു് നാളികേരവിഭവങ്ങൾ കുറഞ്ഞവിലക്കു് ലഭിക്കേണ്ടതെന്നോ, കേരകർഷകർക്കാകട്ടെ, ഈ താലൂക്കു് നിവാസികൾക്കാകട്ടെ ഉണ്ടെന്നുള്ളവിചാരം ആർക്കും ഉണ്ടാകരുതെന്നു് ഞാൻ ആദ്യമായി അഭ്യർത്ഥിച്ചുകൊള്ളുന്നു. ഫർവ മുതൽ ഭക്ഷണസാധനങ്ങളെ സംബന്ധിച്ചേടത്തോളം ഏറ്റവും ക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുന്നതു് കൊച്ചികണയന്നൂർ താലൂക്കുകാരാണു്. ചിറ്റൂർതാലൂക്കിൽനിന്നും, തലപ്പിള്ളി താലൂക്കിൽനിന്നും, മുകുന്ദപുരം താലൂക്കിൽനിന്നും എടുക്കുന്നനെല്ലിൻെറ അരി ഒരൊറ്റമണി ഈ താലൂക്കുകാക്കു് ലഭിക്കാറില്ല എന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഞങ്ങൾക്കു് ലഭിക്കുന്നതു്, മുമ്പു് എൻെറ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ, പുഴവും കല്ലും, അരിയും കലന്ന ഒരുതരം അരിയാണു്. ഈ അരിയുടെ ചോറു് അടുത്തുകൊണ്ടുവന്നാൽ മൂസിയത്തിൽ പുലിയെ ഇട്ടിരിക്കുന്ന കൂടിൻെറ സമീപം പോകുമ്പോൾ ഉണ്ടാകുന്ന ഒരു ഗന്ധമാണു് അനുഭപ്പെടുന്നതെന്നു് പറഞ്ഞാൽ, അതു് ഭക്ഷിക്കാനുള്ളവിഷമം എത്രയുണ്ടാകുമെന്നു് എല്ലാവർക്കും അറിയാമെന്നു്ഞാൻ വിശ്വസിക്കുന്നു. ഭക്ഷണത്തിനുള്ള എല്ലാപദാർത്ഥങ്ങളും ഇവിടങ്ങളിൽ വളരെ കുറവാണു്. ഈ വക സംഗതികളെല്ലാം ഫഡ്ഡിപ്പാട്ട് ഗവൺമെണ്ടിനും നല്ലപോലെ അറിയാവുന്നതാണു്. ഞങ്ങളുടെ നാട്ടിൽ ഉണ്ടാകുന്ന, ഞങ്ങളുടെഏകസമ്പത്തായ നാളികേരം കുറഞ്ഞ വിലക്കു്കിട്ടത്തക്കവിധത്തിൽ ഉള്ള വ്യവസ്ഥ ചെയ്യുന്നതിനു് ഞങ്ങൾ സന്നദ്ധരായിരുന്നു. അതുകൊണ്ടു് ഇതിൻെറ വില നിയന്ത്രിച്ചതിലല്ല, നിയന്ത്രണം വേണ്ടപോലെ ആകാത്തതിലാണു് ഞങ്ങൾക്കുള്ള ആക്ഷേപമെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. നിയന്ത്രണം നമ്മുടേതു് മാത്രമല്ല എന്നും, സെൻട്രൽ ഗവൺമെണ്ടിൻേറതാണെന്നും, അതിൽനിന്നും വിമുക്തമാകാൻ നമുടെ ഗവൺമെണ്ടിനു സാദ്ധ്യമല്ലെന്നും എനിക്കു മനസ്സിലാകായ്കയല്ല ; പക്ഷെ, ഈ നിയന്ത്രണത്തിനു് ഏർപ്പെടുന്നതിനുമുമ്പു് ചില സംഗതികൾ സെൻട്രൽ ഗവൺമെണ്ടിനെ മനസ്സിലാക്കേണ്ട ചുമതല നമ്മുടെ ഗവൺമേണ്ടിനും ഉണ്ടായിരുന്നു. ആ ചുമതല വേണ്ടവിധത്തിൽ നിർവ്വഹിച്ചില്ലായെന്നും ഇവിടെ നിയന്ത്രണം നടപ്പാക്കിയതു വേണ്ടപോലെയായിട്ടില്ലെന്നും ഉള്ള ഒരു ചാർജ്ജാണു് എനിക്കു ഗവൺമെണ്ടിൻെറ പേരിൽ കൊണ്ടുവരാനുള്ളതു്. നാളികേരം എന്നുള്ളതു് മറ്റു പദാർത്ഥങ്ങളെപ്പോലെ കേവലം ഒരു ഭക്ഷണപദാർത്ഥം മാത്രമല്ല. അരി ഭക്ഷിക്കുന്നതുപോലെ നാളികേരം തനിച്ചു് ഭക്ഷിക്കാവുന്ന ഒരു പദാർത്ഥമല്ല. നാളികേരം ഒരു ഭക്ഷണപദാർത്ഥം എന്നുള്ളതിനുപുറമെ ഒരു വ്യാവസായിക അസംസ്കൃതപദാർത്ഥമായിട്ടാണു് നിലകൊള്ളുന്നതു്. അതുകൊണ്ടു് ഭക്ഷണപദാർത്ഥമായിട്ടുള്ള അരി, പഞ്ചസാര, ശർക്കര മുതലായ സാധനങ്ങളുടെ വില നിയന്ത്രിച്ചതുപോലെ നാളികേരത്തിൻെറ വില നിയന്ത്രിച്ചതിൽ അതിൻെറ പ്രത്യാഘാതങ്ങളും എതെല്ലാം സ്ഥലങ്ങളിലാണു് സ്പർശിക്കുകയെന്നു് കണ്ടതന്നെ അറിയേണ്ടതാണു്. ഈ സംഗതി പ്രത്യേകിച്ചു സെൻട്രൽ ഗവൺമെണ്ടിനെ അറിയിക്കേണ്ടതായിരുന്നു. എന്നുമാത്രമല്ല, സെൻട്രൽ ഗവൺമെണ്ടു നാളികേരത്തിൻെറ വില നിയന്ത്രിച്ചതു് അതൊരു ഭക്ഷണസാധനമെന്ന നിലക്കു് ബ്രിട്ടീഷിന്ത്യയിലുള്ള ആളുകൾക്കു് കുറഞ്ഞ വിലക്കു കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലെന്നു് നമ്മുടെ ഗവൺമേണ്ടിനും അറിയാം. ബ്രിട്ടീഷിന്ത്യയിൽ മലബാറിലൊഴിച്ചു വേറെയെവിടേയും നാളികേരവും വെളിച്ചെണ്ണയും ഭക്ഷണസാധനമായി ആരും ഉപയോഗിക്കുന്നില്ല. അതുപയോഗിക്കുന്നതു് ഒരു അസംസ്കൃത വ്യാവസായിക പദാർത്ഥമായിട്ടാണു്. അവിടെയുള്ള വ്യവസായികളിൽനിന്നാണു് അതിൻെറ ആവശ്യം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്; അല്ലാതെ വെളിച്ചെണ്ണയും, കൊപ്രയും ഭക്ഷണമായി ഉപയോഗിക്കുന്ന സ്ഥലങ്ങളിൽനിന്നല്ല. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന കേരവിഭവങ്ങളിൽ ഏതാണ്ടു് പതിനഞ്ചു ശതമാനം മാത്രമേ ഇവിടെയുള്ള ആളുകൾ ഭക്ഷണപദാർത്ഥമായി ഉപയോഗിക്കുന്നുള്ളു. അവർക്കതു് കുറഞ്ഞ വിലക്കു കിട്ടണമെന്നു് അവർ അപേക്ഷിച്ചിട്ടുള്ളതു ഒരു പരമാർത്ഥമാണു്. അതിനു് ഞങ്ങൾക്കു വിരോധമില്ലെന്നും ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ ബ്രി

*Spech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala.Legislative Assembly

ട്ടീഷിന്റെയിൽ കേന്ദ്രഗവമ്മേണ്ടു ഈ നാളികേരത്തിന്റെ വില അവിടെയുള്ള വ്യവസായി കൾക്കുവേണ്ടി നിയന്ത്രിക്കാൻ തീരുമാനിച്ചുകൊണ്ടു് അങ്ങിനെ നിയന്ത്രിക്കുന്നപക്ഷം ഉണ്ടാ കുന്ന ദോഷം വ്യവസായങ്ങൾക്കാണെന്നു് ചൂണ്ടിക്കാണിക്കേണ്ട ചുമതല ഇവിടത്തെ ഗവമ്മേ ണ്ടിനുണ്ടായിരുന്നു. ഒന്നാമതായി എന്താണു് വെളിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതുകൊ ണ്ടുള്ള ദോഷം എന്നുള്ളതിനു് സെൻടൽ ഗവമ്മേണ്ടുതന്നെ സമാധാനം പറയണം. സാ ധുക്കൾക്കു ഭക്ഷണപദാർത്ഥമെന്ന നിലയിൽ വില കുറക്കുവാൻ ഉദ്ദേശിച്ചുതല്ല. വ്യവസായ ശാല ഉടമസ്ഥന്മാർക്കു് ആദായവിലക്കു് കിട്ടാനാണു്. എന്തുകൊണ്ടാണു് വെളിച്ചെണ്ണയുടെ വില കൂടിയതെന്നു് ആലോചിച്ചാൽ സംസ്കൃതപദാർത്ഥങ്ങളുടെ വില വർദ്ധിപ്പിച്ചതുകൊ ണ്ടാണു് എന്നു മനസ്സിലാകും. ഇതിനൊരവും ഉത്തമമായ മാർഗ്ഗം ആവക സംസ്കൃത പ ദാർത്ഥങ്ങളുടെ വില കൺട്രോൾ ചെയ്യുക എന്നുള്ളതായിരുന്നു. അതു് കൺട്രോൾ ചെയ്യിരു ന്നാൽ വെളിച്ചെണ്ണയുടേയും നാളികേരത്തിന്റേയും വില കൂടുമായിരുന്നില്ല. ഇതു് ചെ യ്യാത്തതുകൊണ്ടു് ഉദ്ദേശിച്ച ഫലം സിദ്ധിച്ചില്ലെന്നു മാത്രമല്ല, വെറുതെ ഇരിക്കുന്ന ആളുകൾ ഇതുകൊണ്ടു് ആദായമുണ്ടെന്നു കണ്ടു് ബ്ലാക്കുമാർക്കറിനു് ശക്തി കൂട്ടുകയും ചെയ്തു എന്നുള്ള താണു് ഫലം. വെളിച്ചെണ്ണയുടെ വില കൺട്രോൾ ചെയ്തതുകൊണ്ടു് വ്യവസായശാല ഉടമ സ്ഥന്മാർ ധാരാളം വെളിച്ചെണ്ണ വാങ്ങി ശേഖരിച്ചു അതുകൊണ്ടു് സംസ്കൃതപദാർത്ഥ ങ്ങൾ ഉണ്ടാക്കി കൂടുതൽ വിലക്കു വിറ്റവരുന്നു. ഇതുകൊണ്ടു് ഓരോ വ്യവസായശാല ഉട മസ്ഥന്മാരും മത്സരിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണു് വില കൺട്രോൾ ചെയ്തിട്ടും സാധാ രണക്കാർക്കും ചില്ലറക്കച്ചവടക്കാർക്കും വെളിച്ചെണ്ണ കിട്ടാതിരിക്കുന്നതെന്നു് ഇനിയെങ്കിലും ഗവമ്മേണ്ടു മനസ്സിലാക്കുമെന്നു് ഞാൻ വിചാരിക്കുന്നു. എന്നുമാത്രമല്ല നാട്ടുകാർക്കു് ഇതു കൊണ്ടു് നഷ്ടവും ഉണ്ടാകുന്നുണ്ടു്. ആർക്കു് വെളിച്ചെണ്ണ കുറഞ്ഞ വിലക്കു കിട്ടണമെന്നു വി ചാരിക്കുന്നവൊ അവർക്കതു കിട്ടുന്നില്ല. ബ്ലാക്കുമാർക്കറിനു് പ്രോത്സാഹനം കിട്ടുകയും ചെ യ്യുന്നു. ഇതെല്ലാം സംഭവിക്കുവാനുള്ള കാരണം എന്താണെന്നു് കണ്ടുപിടിച്ചു് അതിനുപറ്റി യ വിധത്തിൽ ഒരു നിയന്ത്രണം ചെയ്യാത്തതിനാലാണു് ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായിട്ടുള്ള തു്. ഇതാണു് നിയന്ത്രണം ചെയ്തതു ശരിയായില്ലെന്നു് പറയാനുള്ള കാരണം. ഈ നിയ ന്ത്രണംകൊണ്ടു് ഇവിടെ വന്നിട്ടുള്ള മറ്റൊരു വൈഷമ്യത്തെയാണു് ഞാൻ ചൂണ്ടിക്കാണിക്കു ന്നതു്. അതിനും പ്രാധാന്യം തുല്യമാണു്. വെളിച്ചെണ്ണയുടെ വില നിയന്ത്രണംചെയ്ത ആ കല്പന പുറത്തുവരുന്നതുവരെ അന്നത്തെ മാക്കറുവിലയനുസരിച്ചു് വെളിച്ചെണ്ണയും കൊപ്ര യും ശേഖരിച്ചിട്ടുള്ള ആളുകൾക്കു് വന്നിട്ടുള്ള നഷ്ടമാണു് അതു്. വ്യാപാരം ഇവിടെ നടന്നു കൊണ്ടിരുന്നു എന്നു് എല്ലാവർക്കും അറിയാം. ഈ വ്യാപാരം അതാതു കാലത്തിനനുസരി ച്ചാണെന്നും അറിയാം. ഈ നിയന്ത്രണം നടപ്പിൽ വരുന്ന ആ ദിവസംവരെ ഈ നാട്ടിലു ള്ള ഓരോ വ്യാപാരിയും വ്യാപാരാർത്ഥം അതാതു കാലത്തെ മാക്കറു് നിരക്കനുസരിച്ചു് ശേഖരിച്ചിട്ടുള്ള നാളികേരവിഭവങ്ങൾ ഏതു വിലക്കു വില്ക്കണമെന്നു് അവർ തീരുമാനിക്കേ ണ്ടതായിരുന്നു. നിയന്ത്രണം നടപ്പായ ദിവസംമുതൽ മേടിച്ച വിലയിൽ പകുതി വിലക്കു വില്ക്കാൻ അവരെല്ലാം നിർബ്ബന്ധിതരായി. അതുകൊണ്ടു് എത്ര കച്ചവടക്കാരാണു് പൊ ളിഞ്ഞു കാട്ടുകയറിയതെന്നു് അന്വേഷിച്ചറിയേണ്ടതാണു്. സാധനങ്ങൾക്കു് വില വളരെ വർദ്ധിക്കുന്നതിനുമുമ്പു് അവയുടെ വില നിയന്ത്രിക്കുകയാണു് സാധാരണ ചെയ്യാറുള്ളതു്. വി ല വളരെ കൂടിയശേഷം നിലവിലുള്ള വിലയുടെ പകുതി വിലക്കേ വില്ക്കാവൂ എന്നു് നിർ ബ്ബന്ധിക്കുന്നപക്ഷം ഗവമ്മെണ്ടു നിശ്ചയമായും അതുവരെയുണ്ടായിരുന്ന മാക്കറു് നിരക്കനു സരിച്ചു് ആ പദാർത്ഥങ്ങൾ ശേഖരിച്ചിട്ടുള്ളവരോടു് അതിനുമുമ്പുള്ള മാക്കറു് നിരക്കനുസ രിച്ചു വിലക്കെടുത്തു് അവർക്കുണ്ടാകാവുന്ന നഷ്ടത്തിൽനിന്നു് രക്ഷിക്കേണ്ടതായിരുന്നു. അ ങ്ങിനെയുള്ള ചുമതല ഗവമ്മേണ്ടിനുണ്ടു്. ഞാൻ ഇന്നുവരെ മാക്കറു നിരക്കനുസരിച്ചു് സാ ധനം ശേഖരിക്കുന്നു. നാളെ ഗവമ്മേണ്ടു നിയന്ത്രണനിയമവുംകൊണ്ടുവരുന്നു. ഇന്നുമുതൽ വ്യ ാ ാ ഉറപ്പികയല്ല; ര ാ ാ ഉറപ്പികയാണു് എന്നു പറഞ്ഞാൽ ഒരു കണ്ടിപ്പറ്റത്തു് ര ാ ാ ഉറപ്പികയാണു് നഷ്ടം വരുന്നതു്. ഇങ്ങിനെ ഗവമ്മേണ്ടു ചെയ്തതുകൊണ്ടു് സാമാന ങ്ങൾ ശേഖരിച്ചിട്ടുള്ള ഓരോ വ്യാപാരിക്കും എത്ര നഷ്ടമാണു് വന്നിട്ടുള്ളതു എന്നും അങ്ങി നെ എത്ര പേരാണു് നശിച്ചു കാട്ടുകയറിട്ടുള്ളതെന്നും ഗവമ്മേണ്ടു അറിയേണ്ടതാണു്. ഇങ്ങി നെ നാളികേരത്തിന്റെ നിയന്ത്രണംകൊണ്ടു് ദോഷം വന്നിട്ടുള്ളതു ഇവിടെ വ്യവസായി കൾക്കാണു്. നാളികേരം മുന്ന ഗവമ്മേണ്ടിന്റെയും അധീനത്തിൽ ഇരിക്കുന്ന പ്രദേശങ്ങളി ലാണു് ഉണ്ടാകുന്നതു്. കൊച്ചി—തിരുവിതാംകൂർ—ബ്രിട്ടീഷു് മലബാർ—ഈ കേരളത്തെ സംബന്ധിച്ചിടത്തോളം ഈ മൂന്നു പ്രദേശങ്ങളിലും ഒരേ തരത്തിലുള്ള വ്യവസായങ്ങളും ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുകണ്ടുമല്ലാ ഉണ്ടായിട്ടുള്ളതു്. കൊച്ചിയെ അപേക്ഷിച്ചു് വളരെ അധികം വ്യവസായത്തിൽ പുരോഗമിച്ചിട്ടുള്ള ഒരു രാജ്യമാണു് തിരുവിതാംകൂർ. അവിടെയുള്ള വ്യവസായത്തേയും, വാണിജ്യത്തേയും, നമ്മുടെ വ്യവസായത്തേയും, നമ്മുടെ വാണിജ്യത്തേയും, ഈ നിയന്ത്രണം എങ്ങിനെയെല്ലാം സ്പർശിക്കുന്നു എന്നു ചുണ്ടിക്കാണിക്കേണ്ട ചുമതല നമ്മുടെ ഗവണ്മെന്റിനുണ്ടായിരുന്നു. അതു് ആലോചിച്ചിട്ടില്ലെന്നുള്ളതു് തീർച്ചയാണു്. അതുകൊണ്ടു് തിരുവിതാംകൂറിലേയും, ഇവിടത്തേയും വില ഒരേ രീതിയിൽ ആയിരിക്കുവാൻ നിവൃത്തിയില്ല. ഞാൻ മുമ്പു പറഞ്ഞപോലെ തിരുവിതാംകൂറിൽ വ്യവസായത്തിനു വലിയ പുരോഗതിയുണ്ടായിട്ടുണ്ടു്. അവിടെ അവക്കു വളരെ സംസ്കൃത പദാർത്ഥങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നുണ്ടു്. അതുകൊണ്ടു് ഇവിടെനിന്നും കൂടുതൽ വിലക്കു് അസംസ്കൃതപദാർത്ഥങ്ങൾ തിരുവിതാംകൂറിലേക്കു് എടുക്കുവാൻ സാധിക്കുന്നുണ്ടു്. നാളികേരത്തിനു് തിരുവിതാംകൂറിലും, ഇവിടെയും, കൺട്രോൾ വില ഒന്നാക്കുന്നപക്ഷം ഇവിടത്തെ വിലയുടെ കൂടുതൽ ശതമാനം കൊടുത്തു് ഇവിടെയുള്ള നാളികേരം തിരുവിതാംകൂറുകാർക്കു് മേടിക്കാൻ സാധിക്കും. അതിനു് ചുരുക്കത്തിൽ ഒരു ഉദാഹരണം പറയാം. മടലിനു് ഇവിടെ അമ്പതു് ഉറുപ്പികയാണെന്നു് വിചാരിക്കുക. തിരുവിതാംകൂറിൽ ഒരു രൂപാ കൊടുക്കുവാൻ അവർ ഒരുക്കമാണു്. കാരണം മേത്തരം കയർ കുറഞ്ഞ ചിലവിന്മേൽ ഉണ്ടാക്കുവാൻ അവക്കു് സാധിക്കും. അതിനു് പറ്റിയ വ്യവസായശാലകൾ അവിടെയുണ്ടു്. നമ്മുടെ രാജ്യത്തു് അത്തരം കയറുണ്ടാക്കുന്നതിനു് പറ്റിയ വ്യവസായശാലകൾ ഇല്ല. അതുകൊണ്ടു് മടലിനും, ചകിരിക്കും, ഇവിടത്തേക്കാൾ കൂടുതൽ വില തിരുവിതാംകൂറിൽ കിട്ടും. ഇവിടെ ൨൫ ഉറുപ്പിക വിലയുള്ളതു് അവർക്കു് ൩൫ ഉറുപ്പിക കൊടുത്തു് വാങ്ങാൻകഴിയും. ഇതൊന്നും ആലോചിക്കാതെ വില നിയന്ത്രിക്കാൻ പുറപ്പെട്ടാൽ ഇവിടേയുള്ള നാളികേരവും മറ്റു കേരവിഭവങ്ങളും തിരുവിതാംകൂറിലേയ്ക്കു് പോകുന്നതിന്നിടയാവുകയും, ഇവിടെയുള്ള അത്തരം വ്യവസായങ്ങളും വ്യവസായികളും നശിയ്ക്കുവാൻ ഇടയുള്ളതും ആകുന്നു. അതുകൊണ്ടു് ഈസംഗതി പ്രത്യേകം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. വേറെ ഒരു സംഗതിയെ പറ്റിച്ചെണ്ണയുടെ വില നിയന്ത്രിക്കുന്നതുകൊണ്ടുമാത്രം കൊപ്രയുടേയും, മറ്റു വിഭവങ്ങളുടേയും വില കുറയുന്നതിനും ഇടയാവുകയില്ലെന്നാണു് എനിക്കു് മനസ്സിലാകുന്നതു്. ഞാൻ പറയുന്നതു്, ഇതു് മുതലാളിമാരെ സഹായിക്കുന്നതിനുവേണ്ടിയാണെന്നാണു്. വാസ്തവത്തിൽ അതൊരുസഹായമാണു്. ഇവിടെയുള്ള സോപ്പു് വ്യവസായത്തിൽ മുന്നിട്ടുനില്ക്കുന്ന കമ്പനികളാണു് ഒന്നു് ടാറാ, രണ്ടു് കല്പാകമിത്സു്. ഇതിൽ ടാറയ്ക്കു് തന്നെ വെളിച്ചെണ്ണ അസംസ്കൃതപദാർത്ഥമായി ഉപയോഗിയ്ക്കുവാൻ ഈ വില വളരെപ്പറ്റിയതായി തീർന്നിട്ടുണ്ടു്. അടുത്തകാലത്തായി നൂറമ്പതു് ലക്ഷം ഉറുപ്പിക ടാറായ്ക്കു തന്നെ കിട്ടുമെന്നാണു് പറഞ്ഞു് കേട്ടിട്ടുള്ളതു്. ഇതുപോലെയുള്ള വലിയ കമ്പനികൾക്കും ഈ രാജ്യത്തുള്ള എല്ലാസോപ്പു് ഫാക്ടറികൾക്കും അമിതമായ ആദായമുണ്ടായിട്ടുണ്ടെന്നാണു് കേൾക്കുന്നതു്. ഇതുപോലെ നാളികേരത്തിന്റേയും കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില നിയന്ത്രിച്ചതുകൊണ്ടുള്ള ഗുണം മില്ലുകാർക്കാണു് കിട്ടുക. അതല്ലെങ്കിൽ എന്തുകൊണ്ടു് അടുക്കുലി നിശ്ചയിച്ചില്ല എന്നു് എന്റെ മുൻഗാമി ചോദിക്കുകയുണ്ടായി. ഈ ആദായം കണ്ടിട്ടു് എല്ലാവർക്കും അടുക്കാൻ തോന്നും. അത്രയധികരമായ ഒരു ലാഭമാണു് മില്ലുടമസ്ഥന്മാർക്കു് ഗവണ്മെൻറുണ്ടാക്കിക്കൊടുത്തിട്ടുള്ളതു്. ഇതു് കാണുമ്പോൾ മില്ലും, അടുക്ക ഇല്ലാത്തവർ ആരും ഉണ്ടാകയില്ല. ആ നിലക്കായിരിയ്ക്കാം ഗവൺമെൻറു് അടുക്കുലി നിശ്ചയിക്കാഞ്ഞതു്. ഇങ്ങിനെയാതൊന്നും ആലോചിയ്ക്കാതെ നിയന്ത്രിച്ചതുകൊണ്ടു് ഈ രാജ്യത്തുള്ള കച്ചവടക്കാർക്കും, മറ്റും ഉണ്ടായിത്തീർന്നിട്ടുള്ള നഷ്ടം ചില്ലറയൊന്നുമല്ല. ഗവണ്മെൻറു ഇക്കാര്യത്തിൽ ഉടനടി ആലോചിച്ചു് വേണ്ടതു് ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു. നാളികേരത്തിന്റെ വില കൺട്രോൾ ചെയ്തതുകൊണ്ടോ, മറ്റുള്ളവക്കു് അതു് ആദായചിലക്കു് കിട്ടിയതുകൊണ്ടോ ഞങ്ങൾക്കു സന്തോഷമില്ല. അങ്ങിനെ വേണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. അതുകൊണ്ടു് കൺട്രോൾ കാര്യം ആലോചിച്ചു് ചെയ്യണമെന്നു് മാത്രമേ പറയാനുള്ളു. നാളികേരത്തെക്കുറിച്ചു ഇത്രമാത്രമേ സംസാരിക്കുന്നുള്ളു. പഞ്ചസാരയുടെ വില കൂട്ടിയതിൽ ഞാനും, അപ്രകാരം ചെയ്യണമെന്നഭിപ്രായക്കാരനായിരുന്നു. ആഡംബരത്തിനുവേണ്ടിയൊ, കൂടുതൽ സുഖത്തിനുവേണ്ടിയോ, ഉപയോഗിക്കുകയൊ, വാങ്ങുകയൊ ചെയ്യുന്ന ആ പദാർത്ഥങ്ങളുടെ തോതനുസരിച്ചു് കൂടുതൽ വിലമേടിച്ചാൽ വേണ്ടില്ലായെന്ന ഒരു പ്രമേയം അഡ്വൈസറിക്കമ്മറിയിൽ പാസ്സാക്കാൻ ഞാനും കൂടുകയുണ്ടായി. റസല്യൂഷൻകൊടുത്തുവന്നതു ഞാനാണു്. പഞ്ചസാര വില കൂട്ടൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു് പണക്കാർവാങ്ങിക്കും എന്നു് പറയുന്നതു് ശരിയല്ല. പഞ്ചസാരകൊണ്ടുള്ള ആവശ്യം അധികമായി പണക്കാക്കില്ല. പണക്കാർ മിക്കവരും പ്രമേഹരോഗികളാണു്. സാധുക്കളായ എന്നപ്പോലെയുള്ളവരാണു് പഞ്ചസാരധാരാളമായി ഉപയോഗിക്കുന്നതു്. കാരണം ഞങ്ങൾക്കു് ഊണില്ല. ചായയാണു് അധികവും. ശക്കരയിട്ട ചായകുടിച്ചാൽ അതൊരുവിധം പാനകംപോലെയിരിക്കും. ആ കാരണത്താൽ പഞ്ചസാര കറഞ്ഞവിലക്കു് കിട്ടിയാൽ തരക്കേടില്ല. ആഡംബരത്തിനു് വേണ്ടിയും, സുഖത്തിനുവേണ്ടിയും, കൂടുതൽ ഉപയോഗിക്കുന്ന സാധനങ്ങളിൽ പഞ്ചസാരമാത്രം തിരഞ്ഞെടുത്തു് അതിനു് മാത്രം വില കൂട്ടുകയെന്നുള്ളതു ശരിയായിട്ടില്ലെന്നാണു് എന്റെ അഭിപ്രായം. പിന്നെ നെല്ലെടുക്കലിനെസംബന്ധിച്ചാണു്. ഇതു് വളരെ ജാഗ്രതയായിട്ടു നടക്കുന്നുണ്ടെന്നും ഇതിനു് മുമ്പു് സാധിക്കാത്തവിധം അത്രയധികം നെല്ലു് ഗവണ്മെൻറിനു് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ടെന്നും, അറിയുന്നതിൽ ആ ഡിപ്പാർട്ടുമെൻറിനെ ഞാൻ അഭിനന്ദിയ്ക്കുന്നു. ഫുഡ്ഡിപ്പാർട്ടുമെൻറു് കൂടുതൽ കായ്ക്ഷമമായും കൂടുതൽ ജനങ്ങൾക്കു് ഉപകാരപ്രദമായും ആണു് പ്രവത്തിച്ചു വന്നിട്ടുള്ളതു് എന്നതിൽ യാതൊരു പക്ഷാന്തരവും ഇല്ല. ഇതിനെ സംബന്ധിച്ചു് നല്ല അഭിപ്രായം മാത്രമേ പറയാനുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: റേഷൻ കൂട്ടീട്ടുണ്ടോ?

മിസ്റ്റർ പി. നാരായണമേനോൻ: കൂട്ടണം എന്നാണു് പറയുന്നതു്. അതുകൊണ്ടു് നാട്ടുകാർ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടുകളെ പരിഹരിക്കുവാൻ ഇന്നത്തെ ക്യാബിനറിനു് സാധിയ്ക്കുമെന്നു് എനിക്കു് വിശ്വാസമുള്ളതിനാൽ ആ ക്യാബിനറിലെ അംഗങ്ങളുടെ ശ്രദ്ധ ഇതിൽ പതിയുമെന്നു് ആഗ്രഹിച്ചുകൊണ്ടും അതിനായി അപേക്ഷിച്ചുകൊണ്ടും ഞാൻ വിരമിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഇവിടത്തെ ഭക്ഷ്യനിലയെക്കുറിച്ചു കുറച്ചുമാത്രമേ എനിക്കു് സംസാരിക്കാനുള്ളു. താരതമ്യേന ഇതരനാടുകളിലെ റേഷനിംഗു് സമ്പ്രദായത്തെക്കുറിച്ചു് ആലോചിച്ചുനോക്കുമ്പോൾ ഈ രാജ്യത്തിലെ റേഷനിംഗു് പലേതി കുറെ ഭേദമാണെന്നു പറയാതെ തരമില്ല. ഇതിൽ എന്തെങ്കിലും പിശകുകൾ വന്നുപോയിട്ടുണ്ടെങ്കിൽ അതു് തിരുത്തുകയാണു് ഏറ്റവും പ്രധാനപ്പെട്ട ഒരു കായ്യം. ഒന്നു രണ്ടു സംഗതികൾമാത്രമെ ഞാൻ ഈ സഭയുടേയും, ഗവണ്മെണ്ടിന്റെയുംദൃഷ്ടിയിൽപെടുത്തുവാൻ ഉദ്ദേശിക്കുന്നുള്ളു. വെളിച്ചെണ്ണയുടെവില നിയന്ത്രിച്ചുതോട്ടുകൂടി അതു സാമാന്യ ജനങ്ങൾക്കു് കിട്ടുവാൻ വളരെ വിഷമമായിരിക്കുന്നുവെന്നുള്ള സംഗതി ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു് വളരെ പരമാത്ഥമാണു്. അതു് എവിടേക്കാണു് പോകുന്നതു് എന്നുള്ളതിനെസംബന്ധിച്ചു് യാതൊരാൾക്കും സംശയത്തിനുവഴിയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: എവിടേക്കാണു് പോകുന്നതു്?

മിസ്റ്റർ കെ. കെ. കണ്ണൻ: ബ്ലേക്കുമാക്കറ്റിലേക്കു്. വില നിയന്ത്രിക്കുന്നതിന്റെ ഉദ്ദേശം പറയുകയാണെങ്കിൽ, ഈ സാധനങ്ങൾ എല്ലാ ആളുകൾക്കും ക്രമമായിട്ടു കിട്ടുന്നതിനു പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും വേണ്ടിയാണു്. വിലനിയന്ത്രണം നടപ്പിൽ വരുത്തുമ്പോൾ, ബ്ലേക്കു്മാക്കറ്റിംഗു് തടയുന്നതിനു് ഗവണ്മെണ്ടു് കർശനമായിട്ടുള്ള നടപടികളെടുക്കേണ്ടതാണു്. ഇപ്പോൾ എല്ലാ സാധനങ്ങളും ജനങ്ങൾക്കു് കിട്ടുന്നില്ലെന്നു് ഞാൻ പറയുന്നില്ല. ചില സാധനങ്ങളെല്ലാം കിട്ടുന്നുണ്ടായിരിക്കാം. വെളിച്ചെണ്ണയുടെ വില നിയന്ത്രിച്ചതോട്ടുകൂടി അതു് സാധാരണജനങ്ങൾക്കു് കിട്ടാതെ വന്നിട്ടുള്ള പരാതിയെക്കുറിച്ചു് ഞങ്ങൾ വിദ്യാഭ്യാസമന്ത്രിയുടെ അടുക്കൽ നിവേദനം ചെയ്യുകയും, അദ്ദേഹം അതിനുവേണ്ടതായ പരിഹാരം ഉണ്ടാക്കിക്കൊള്ളാമെന്നു് മറുപടി പറയുകയും ചെയ്തിട്ടുണ്ടു്. വെളിച്ചെണ്ണയുടെ വില നിയന്ത്രിച്ചതോട്ടുകൂടി റേഷൻഷാപ്പുകാക്കും, മൊത്തക്കച്ചവടക്കാക്കും മാത്രമെ കിട്ടുന്നുള്ളു. ചില്ലറക്കച്ചവടക്കാക്കു് കിട്ടുന്നില്ല. മില്ലുകാരിൽനിന്നു് മൊത്തക്കച്ചവടക്കാർ വെളിച്ചെണ്ണ വാങ്ങുകയും, അവരിൽനിന്നും റേഷൻ ഷാപ്പുകാർ വാങ്ങുകയും, ചെയ്യുന്നുവെന്നാണു് എന്റെ അറിവു്. റേഷൻ ഷാപ്പുകാക്കില്ലാതെ ചില്ലറക്കച്ചവടക്കാക്കു് കിട്ടുന്നില്ലെന്നുള്ളതാണു് ഇപ്പോൾ നിലവിലുള്ള പരാതി. അതിനെ പരിഹരിക്കണമെന്നുമാത്രമെ പറയുന്നുള്ളു. വെളിച്ചെണ്ണയും പിണ്ണാക്കുമുതലായിട്ടുള്ള സാധനങ്ങൾ ചില്ലറക്കച്ചവടക്കാർ കൊണ്ടുവന്നു് വില്ക്കുന്ന ഒരു തൊഴിലായിട്ടു

*Speech not corected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിരുന്നു. എന്നാൽ അതിന്റെ വില നിയന്ത്രിച്ചതോടുകൂടി പിണ്ണാക്കും വെളിച്ചെണ്ണയും ചില്ലറകച്ചവടക്കാർക്ക് കിട്ടാതെയായിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് ചില്ലറക്കച്ചവടക്കാർക്കും ഇതു കിട്ടത്തക്കവിധത്തിലുള്ള ഏർപ്പാടുചെയ്യണം. സാധുക്കളായിട്ടുള്ള ആളുകൾ അധികവും ഒരണക്കൊ രണ്ടണക്കൊ വെളിച്ചെണ്ണ വാങ്ങിക്കുവാൻവേണ്ടി റേഷൻഷാപ്പിൽ ചെല്ലുമ്പോൾ അതു കൊടുത്തു കണക്കെഴുതുവാനുള്ള ബുദ്ധിമുട്ടുകാരണം വളരെ അധികം പാവപ്പെട്ട ആളുകൾക്ക് ഇത് കിട്ടാതെ വീട്ടിലേക്കു മടങ്ങി പോകേണ്ടതായി വരുന്നുണ്ട്. എന്നാൽ റേഷൻ ഷാപ്പുകാർക്കു അല്ലാതെ ചില്ലറക്കച്ചവടക്കാർക്കും ഈ സാധനങ്ങൾ കൊടുക്കുകയാണെങ്കിൽ ഈ മാതിരിയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

ഇനിമറെറാരുകാര്യം ദേവാലയങ്ങളിൽനിന്നും മറവു നെല്ല് എടുക്കുന്നതായകാര്യത്തിൽ മന്ത്രികാര്യമായിട്ടുള്ള നടപടി എടുത്തുവരുന്നുണ്ടെന്നുള്ളതു അദ്ദേഹത്തിൽനിന്നുതന്നെ നേരിട്ട് അറിയുവാൻ സാധിച്ചിട്ടുണ്ട്: അതുകൊണ്ട് എന്തുതന്നെചെയ്താലും അതു ദോഷത്തിന്നാണെന്ന് വിചാരിക്കുന്ന ചില ആളുകളുണ്ട്. ഇങ്ങിനെയുള്ള നടപടികളുടെ ഗുണത്തെപ്പററി അവർ അറിഞ്ഞിരുന്നിട്ടുപോലും അനാവശ്യമായിട്ട് അപലപിക്കുന്ന ആളുകളുണ്ട്. പരമാത്ഥത്തിൽ ഈവക സംഗതികളെസംബന്ധിച്ചു കാര്യമായിട്ടുള്ള നടപടികളെടുത്തിട്ടുണ്ടെന്നു പറയുന്നതുകൊണ്ടു ഇവിടത്തെ റേഷനിംഗ്സമ്പ്രദായം കുറെക്കൂടി നന്നാകുമെന്നാണു വിചാരിക്കേണ്ടതു. ഈ കാര്യത്തിൽ ശരിയായ നടപടിയെടുക്കുകയാണെങ്കിൽ ദേവാലയത്തിൽനിന്നുതന്നെ രണ്ടു മൂന്നു ലക്ഷം പറ നെല്ലു കിട്ടുമെന്നാണു അറിയുന്നതു. അങ്ങിനെ ഗവൺമെണ്ടിന്റെ ദൃഷ്ടി പതിയുകയാണെങ്കിൽ ഇന്നു നമുക്കു കിട്ടുന്നതായ റേഷനിൽനിന്നും കുറെകൂടി കൂടുതൽ കിട്ടുമെന്നുള്ള പ്രതീക്ഷയുണ്ട്. ഈ കാര്യത്തിൽ ഗവൺമെണ്ടു കാര്യമായ നടപടി നടത്തുമെന്നുള്ള പ്രതീക്ഷയോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഭക്ഷ്യസാധനങ്ങളുടെ വിതരണംചെയ്യുന്നതിനെ സംബന്ധിച്ചുള്ള പരാതിയെക്കുറിച്ചു കൊല്ലത്തിൽ ഒരിക്കൽ ചർച്ചചെയ്യുന്നതു ഒരു പരിപാടിയായി തീർന്നിട്ടുണ്ട്. റേഷൻസമ്പ്രദായത്തെക്കുറിച്ചു പറയുകയാണെങ്കിൽ നമ്മുടെ അയൽരാജ്യങ്ങളിൽ നടന്നുവരുന്നതിനെപ്പററി ആലോചിച്ചുനോക്കുമ്പോൾ, നമ്മുടെ റേഷൻ സമ്പ്രദായം വളരെ മെച്ചമേറിയതാണെന്നു മുകളുകണ്ണും ഏവരും സമ്മതിക്കുന്ന ഒരു പരമാത്മാണെന്നു ഞാൻ വിചാരിക്കുന്നു. പക്ഷെ, അതുകൊണ്ടു ഇവിടത്തെ സമ്പ്രദായം മുഴുവനും നന്നായിട്ടുണ്ടെന്നു സമ്മതിക്കുവാൻ ഞാൻ ഒരുക്കവുമില്ല. അതിൽ ഇനിയും പല വ്യത്യാസങ്ങളും വരുത്തേണ്ടതുണ്ടെന്നു ഞാൻ വശപസിക്കുന്നു. ഒരുപക്ഷെ ഇവിടെ ആദ്യം ഉണ്ടായിരുന്ന ഫുഡ് ഔൺസ്സു് അരി ഫുഡ് ഔൺസ്സാക്കി കുറച്ചില്ലെ; ദേവസ്വങ്ങളിലേയും, ക്ഷേത്രങ്ങളിലേയും നേല്പെടുത്തിട്ടും, സമൃനിയന്ത്രണം ഉണ്ടായിട്ടും കൂടി റേഷൻ കൂട്ടാൻകഴിഞ്ഞില്ലല്ലൊ എന്നൊക്കെ ആക്ഷേപം പറയുന്നവരുണ്ടായിരിക്കാം. ആദ്യകാലത്തു് ഈ ഡിപ്പാർട്ട്മെണ്ടിനെപ്പററിയുള്ള വിമർശനം ജനങ്ങളുടെയിടയിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. അന്നു് നമ്മുടെ നാട്ടിലെ ദിനപത്രങ്ങളും ഈ ഡിപ്പാർട്ട്മെണ്ടിനെ താലോലിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ദിനപത്രങ്ങളിൽ ചിലത് ഇതിനെ എപ്പോഴും ശക്തിയായിട്ട് എതുത്തുകൊണ്ടാണിരിക്കുന്നതു. ഇതിനുള്ള കാരണത്തെപ്പററി എന്റെ അറിവിൽപെട്ടിടത്തോളം പറയുകയാണെങ്കിൽ, ഇങ്ങിനെ താലോലിച്ചുകൊണ്ടും, അഭിനന്ദിച്ചുകൊണ്ടും എഴുതിയിരുന്ന ആ കാലത്തു് പത്രപ്രവർത്തകന്മാർക്ക് ഇതിൽനിന്നും ചില ആദായം കിട്ടാൻ സാധിച്ചിരുന്നു. ആ കാലത്തു് അവർക്ക് ഇതുകൊണ്ടു് സമ്പാദിക്കുവാനും സാധിച്ചിരുന്നു. എന്നാൽ ഈ ഡിപ്പാർട്ട്മെണ്ടു് ജനകീയ മന്ത്രിയുടെകീഴിൽ വന്നതോടുകൂടി, ഇങ്ങിനെ താലോലിച്ചിരുന്നവരെ വകവെക്കാതെ, ജനക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ടു്, ആ ഡിപ്പാർട്ട്മെണ്ടിന്റെ കാര്യക്ഷമതയെ ഉദ്ദേശിച്ചുകൊണ്ടു് പ്രവൃത്തിക്കുവാൻ തുടങ്ങിയ കാരണംകൊണ്ടാണു് ആ പത്രങ്ങളും ഇപ്പോൾ മുറുമുറുക്കുവാൻ തുടങ്ങിയിരിക്കുന്നതു. അതിനെമാത്രം വിശ്വസിച്ചുകൊണ്ടിരുന്നാൽപോരാ, ഭക്ഷണസാധനങ്ങളുടെ വിതരണകാര്യത്തിൽ ഏററവും വലിയ വിഷമഘട്ടത്തെ തരണം ചെയ്യേണ്ടിവന്നിരുന്ന ആ സന്ദർഭത്തിൽ, ഫുഡ് ഔൺസ്സുണ്ടായിരുന്നതു് കുറക്കേണ്ടിവന്നിരുന്ന ആ സന്ദർഭത്തിൽ, അതു കുറക്കാതെ കൊണ്ടുപോകുവാൻ സാധിച്ചതു് ദേവസ്വങ്ങളിലെ നെല്ലെടുപ്പു് കാര്യത്തിലും, ദേവസ്വങ്ങളിലെ സമൃനിയന്ത്രിച്ചതിലും ജനകീയമന്ത്രി വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നതുകൊണ്ടാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല.

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയന്ത്രണത്തിന്നുമുമ്പ് ഓരോ ദിവസവും ഓരോ ക്ഷേത്രത്തിൽ എത്ര പറ അരിവീതം വെച്ച് സദ്യ നടത്തിയിരുന്നുവെന്നുള്ളതു ആലോചിക്കണം. ക്ഷേത്രങ്ങളിൽ സദ്യ നടക്കുമ്പോൾ കളിച്ചു കുറിയും തൊട്ട് ഉണ്ണുണ്ടതായ നേരത്തു അവിടെചെന്ന് ചമ്മണം പണിഞ്ഞിരുന്ന മുക്കറ്റം ശാപ്പിട്ടിരുന്ന കൂട്ടക്കു് ഇതിൽ കുറച്ചു അലോഹ്യം തോന്നിട്ടുണ്ടായിരിക്കണം. ദേവസ്വത്തിലേക്കു് കിട്ടിയിരുന്ന നെല്ല് തോന്നിവാസം ചെയ്തിരുന്നുവെന്നു് ഞാൻ പറയുന്നില്ല. എന്നാൽ ഇതുപോലെയുള്ള പല അഴിമതികളും അവിടെ നടക്കുന്നുണ്ടു്. അതു് ഇവിടെ വിശദമാക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ദേവസ്വങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയപ്പോൾ, ചില ജന്മിമാർ ആ ദേവസ്വത്തിന്റേയും; ക്ഷേത്രത്തിന്റേയും തണലിൽനിന്നുകൊണ്ടു് നെല്ല് കൊടുക്കാതേയുമിരുന്നിട്ടുണ്ടു്. ഇങ്ങിനെയുള്ള നിഷ്കൃഷ്ടവെക്കുമ്പോൾ അവക്കും കുറച്ചു വിഷമത വന്നിട്ടുണ്ടാകും. അതിന്റെയെല്ലാം അടിയിൽ കിടക്കുന്നതു ഇതെല്ലാമാണു്. ബഹുമാനപ്പെട്ട മന്ത്രി ഇവേക കാര്യങ്ങളിൽ വളരെ ശ്രദ്ധ പതിപ്പിക്കുകയും, ഗൗരവമായ വിധത്തിൽ പെരുമാറുകയും ചെയ്തതിൽ കൊച്ചിയിലെ ജനത അദ്ദേഹത്തെ അഭിനന്ദിക്കുകയാണു് വേണ്ടതു്.

പിന്നെ പഞ്ചസാരയുടെ വില കൂട്ടിയതിനെ സംബന്ധിച്ചാണു് ഒരാക്ഷേപമുള്ളതു്. പഞ്ചസാര special permit പ്രകാരം കൊടുക്കുന്നതിന്നു വില കൂട്ടണമെന്നുള്ള പ്രമേയം ആ ഉപദേശകസമിതിയിൽ വന്നപ്പോൾ ഞാൻ അതിൽ ഒരംഗമായിരുന്നു. ഇതു നടപ്പിലായതിന്നുശേഷം ഞാൻ അന്വേഷിച്ചതിൽ വില കൂട്ടിയതുകൊണ്ടു് special permit പ്രകാരം വാങ്ങിയിരുന്ന കോഴിക്കോട്ട വളരെ കുറഞ്ഞിട്ടുണ്ടെന്നും, അങ്ങിനെ വാങ്ങിയിരുന്ന ആളുകൾ ഒക്കെ പിന്നോക്കം പോയിട്ടുണ്ടെന്നുമാണു് അറിയുന്നതു്. പഞ്ചസാര കാർഡുപ്രകാരം അനുവദിച്ചിട്ടുള്ളതിന്നു പുറമെ special permit പ്രകാരം വാങ്ങിയേ കഴിയൂ എന്നുള്ള ആളുകളോടു് ക്ഷ ണ. വസൂൽ ചെയ്യുന്നതുകൊണ്ടു് എന്താണു് വിരോധം എന്നു ഞാൻ ചോദിക്കുന്നു? ഇങ്ങിനെ വില കൂട്ടിയതു കാരണം തൃശ്ശിവപേരൂരിൽ സാധാരണയായി പ്രത്യേക പെർമിറ്റിന്നു വാങ്ങിയിരുന്ന ആളുകളൊക്കെ മേടിക്കാതെയായിട്ടുണ്ടു്. ഇപ്പോൾ special permit പ്രകാരം പഞ്ചസാര വാങ്ങിക്കുന്നതു വളരെ കുറഞ്ഞുപോയിട്ടുള്ളതുകൊണ്ടു് അതിന്റെ ഉള്ളിൽ എന്തോ രഹസ്യം ഉണ്ടായിരുന്നുവെന്നുവേണം പറയുവാൻ. പഞ്ചസാരയുടെ വില കൂടുതലിനെപ്പറ്റി ഞങ്ങളുടെ പാർട്ടിയിൽ ആലോചനക്കു വന്നപ്പോൾ ആ പ്രമേയത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ വളരെ ഉപകാരപ്രദമായിട്ടുള്ളതും, അതു് കാര്യക്ഷമമായ വിധത്തിൽ നിയന്ത്രണം വരുത്തുവാനായി ജനങ്ങൾക്കു കുറെക്കൂടി സൌകര്യം ഉണ്ടാക്കത്തക്കവിധത്തിൽ അതു അർഹിക്കുന്നവക്കു് കിട്ടത്തക്കവിധത്തിലുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നുവെന്നു് അന്നു ഞാൻ പറയുവാൻ ഇടയായിട്ടുണ്ടു്. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് അധികമൊന്നും പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ ജോസ് കെ. വട്ടീസ്സ് : കാർഡുപ്രകാരമുള്ള പഞ്ചസാര എല്ലാവക്കും കിട്ടുന്നുണ്ടോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കാർഡുപ്രകാരമുള്ള പഞ്ചസാര എല്ലാവക്കും കിട്ടിവരുന്നുണ്ടു്. കാത്തുള്ളവരൊക്കെ മേടിക്കുന്നുണ്ടു്.

ഇനി നാളികേരത്തെ സംബന്ധിച്ചാണു് പറയുവാനുള്ളതു്. നാളികേരത്തിന്റെ വില നിയന്ത്രിക്കണമെന്നുള്ള കാര്യത്തിൽ വളരെ ശക്തിയായി എതിത്തിരുന്ന ഒരാളാണു് ഞാൻ. നാളികേരത്തിന്റെ ചിലവു കൂടുതലായിട്ടുള്ളതു് അന്യരാജ്യത്തിലാണു്. നാളികേരം വില്ക്കുന്നതായ പണമെല്ലാം നമ്മുടെ രാജ്യത്തിലേക്കാണു് വരുന്നതു്. അതിന്നുപ്രക്ഷോഭണം ഉണ്ടാക്കേണ്ടതായ ആവശ്യമില്ലെന്നായിരുന്നു എന്റെ വാദം. എന്നാൽ കേന്ദ്രഗവർമ്മെണ്ടു നാളികേരത്തിന്റെ വിലനിയന്ത്രിച്ചല്ലാതെ നമുക്കു കിട്ടിവരുന്ന അരി തരികയില്ലെന്നു് നിർബ്ബന്ധം പിടിച്ചതുകൊണ്ടു് അതു സമ്മതിക്കാതെ നിവൃത്തിയില്ലാതെ വന്നു. നാളികേരത്തെക്കാൾ പ്രധാനമായിട്ടുള്ളതു അരിയായതുകൊണ്ടു് നമുക്കു അതു സമ്മതിക്കാതേയും നിവൃത്തിയില്ല. നമുക്കു അരി തന്നിരുന്ന കൺസ്യൂമേഴ്സ് ആവരായിരുന്നു. ആ നിലക്കു എത്ര വലിയ പരമാധികാരിയായിരുന്നാലുംകൂടി അതിന്നു വഴിപ്പെടാതെ നിവൃത്തിയില്ല. പക്ഷെ നാളികേരത്തിന്റെ വില നിയന്ത്രിച്ചപ്പോൾ, കൊച്ചിയിലേയും, തിരുവിതാംകൂറിലേയും സ്ഥിതി ഒരുപോലെയായിരുന്നു. തിരുവിതാംകൂറിൽനിന്നു് ഒരു ജാതി ഉരുളൻ ചരക്കു ബോമ്പയിലേക്കു കയറ്റി അയക്കുന്നുണ്ടു്. അതു് ക,ഫ.൦൦ നാളികേരം അടങ്ങുന്ന ഒരു മൂട്ടക്കു് ബോമ്പെയിൽ ചെന്നാൽ ൫൦൦ക.യും, അതിൽ കൂടുതലും വില കിട്ടും. അങ്ങിനെയുള്ള നാ

LIBRARY ARCHIVES Kerala Legislative Assembly

ളിക്കേരം കൊച്ചിയിൽനിന്നും, തിരുവിതാംകൂറിൽനിന്നും ബോമ്പെയിലേക്ക് പോയിരുന്നു. എന്നാൽ കൊച്ചിയിൽനിന്നും നാളികേരം കയറ്റി അയക്കുവാൻ പാടില്ലെന്നുള്ള നിയന്ത്രണം വന്നതോടുകൂടി തിരുവിതാംകൂറിൽനിന്നും കച്ചവടക്കാർ ബോമ്പെയിലേക്ക് കയറ്റി അയക്കുവാൻകൊണ്ടുവന്ന ചരക്ക, കപ്പലിൽ കയറ്റി അയക്കുവാൻ തരപ്പെടാതെ കൊച്ചിയിൽ ഇട്ടിരിക്കുകയാണ്. അതുവേറെ ആവശ്യത്തിനു വാങ്ങിക്കുവാനും കൊള്ളുകയില്ല. ഇതു ഉണക്കിയിട്ടതന്നെ ചിലവാകേണ്ടതാണ്. ഇതു അവിടെ ചിലവാകാതെ പോകുന്നതായാൽ ബഹുമാനപ്പെട്ട കോമേഴ്സ് മെമ്പരുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെ, ഗവൺമെണ്ടു തുവരപരിപ്പിന്റെ കാര്യത്തിലെടുക്കുന്ന നയംപോലെ തിനാനും സമ്മതിപ്പിക്കയില്ല; തീറ്റിക്കാനും സമ്മതിക്കുകയില്ല. ബഹുമാനപ്പെട്ട കോമേഴ്സ് മെമ്പക്ക് തുവരപരിപ്പിന്റെ ഇനത്തിൽതന്നെ ൪൦,൦൦൦ ക. നഷ്ടം സംഭവിച്ചതുപോലെ സഹിക്കുവാൻ പ്രാപ്തിയില്ലാത്ത കച്ചവടക്കാരായിരിക്കും ഇവർ. ഈ കാര്യത്തിൽ തിരുവിതാംകൂറിനെ അനുകരിക്കുന്നതിൽ എന്താണു ദോഷമെന്നു ഞാൻ ചോദിക്കുന്നു. ഇത്രമാത്രമേ ഞാൻ പറയുന്നുള്ളു. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ സി. എസ്സ്. പണിക്കർ: സർ, കൊച്ചിരാജ്യത്തിലെ ൧൪½ ലക്ഷം ജനങ്ങളുടെ ജീവിതത്തോതിനെ സ്പർശിക്കുന്നതായ വിഭവവകുപ്പിന്റെ പ്രവർത്തനത്തെ കുറിച്ച് പരിചിന്തനം ചെയ്യേണ്ടതു് ഏതൊരു സഭയുടേയും കടമയാണെന്നു് ഞാൻ വിശ്വസിക്കുന്നു. (ഹിയർ, ഹിയർ) ഈ വകുപ്പിന്റെ പ്രവർത്തനം സംഭരണം, അത്യാവശ്യമായിട്ടുള്ള നിയന്ത്രണം, അതിനെ തുടർന്നുള്ള വിതരണം ഇങ്ങിനെ മൂന്നു ക്രമത്തിലാണു് നാം കാണുന്നതു്. അതിൽ ആദ്യമായി സംഭരണത്തെ കുറിച്ച് പ്രതിപാദിക്കാം. ഈ സംഭരണ വിഷയത്തിൽ ഇന്നു കാര്യക്ഷമമായ പുരോഗതിയുണ്ടായിട്ടുണ്ടെന്നുള്ളതു് നഗ്നമായിട്ട് വകവെച്ചുകൊടുക്കുവാൻ തയ്യാറില്ലാത്ത പ്രക്ഷോഭകന്മാർപോലും സമ്മതിക്കുന്ന ഒരു പരമാർത്ഥം മാത്രമാണു്. നെല്ലെടുപ്പ് കൂടുതൽ സംഭരണത്തിടവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതു് വർത്തമാനപത്രത്തിൽനിന്നും, ഗവൺമെണ്ടിന്റെ ആലോചനയിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. സംഭരണത്തിന്റെ നിലയനുസരിച്ചാണു് വിതരണം നടത്തുവാൻ സാധിക്കുന്നതു് എന്നുള്ള പരമാർത്ഥം മറച്ചുവെക്കുവാൻ നിവൃത്തിയില്ല. കൊച്ചിയിലെ വിഭവവകുപ്പ് ജനകീയമന്ത്രിയുടെ ഹസ്തങ്ങളിലേക്ക് മാറ്റം ചെയ്യുന്നതിനുമുമ്പു് കൊച്ചിയിൽ ൧൯ വയസ്സു പ്രായമുള്ള ഒരാൾക്ക് മാത്രമേ മുഴുവൻ റേഷൻ കൊടുത്തിരുന്നുള്ളു. എന്നാൽ ഇന്നാകട്ടെ ൫ വയസ്സായിട്ടുള്ള ഒരാൾക്ക് മുഴുവൻ റേഷനും കിട്ടുന്നുണ്ടെങ്കിൽ, ഈ അടുത്തയവസരത്തിൽ നടന്ന കാർഡ് ചെക്കിംങ്ങ് ആണു് അതിനുള്ള കാരണമെന്നു് മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. ഈ നിലവെച്ചു നോക്കുമ്പോൾ വിതരണത്തിൽ കൂടുതൽ ജാഗ്രത ചെയ്തിട്ടുള്ളതായി കാണാം. ഇൻഡ്യാരാജ്യത്തിൽ നാനാദിക്കിലും നോക്കുകയാണെങ്കിൽ ഇവിടെ കൂടുതൽ ക്ഷേണക്ഷാമത്തിനു് ഇടവന്നിട്ടുണ്ടെങ്കിലും, മുമ്പുണ്ടായിരുന്ന റേഷൻ കുറയ്ക്കാതെകണ്ടു് വിതരണം ശരിയായിട്ടു് നടത്തിയിരുന്നുവെന്നുള്ള കാര്യത്തിൽ നാം അഭിമാനിക്കേണ്ടതായ ഒരു സ്ഥിതിയിലാണു് എത്തിച്ചേർന്നിട്ടുള്ളതു്. സംഭരണകാര്യത്തിൽ ദേവസ്വങ്ങളെപ്പോലെയുള്ള കേന്ദ്രങ്ങളിൽനിന്നു കൂടുതൽനെല്ലെടുക്കുവാൻ സാധിച്ചുവെന്നുള്ളതു കാണുവാൻ സാധിക്കും. എന്തായും നിസ്സാരങ്ങളായിട്ടുള്ള ചിലതുക്ഷേപങ്ങൾ ഇവിടെ പറഞ്ഞുകാണുന്നുണ്ടു്. പഞ്ചസാരയ്ക്കു് ൧൦ണ. വില തീച്ചയാക്കിയെന്നുള്ളതുകൊണ്ടു് അതുപൊതുജനങ്ങളെ ബാധിക്കുന്ന ഒന്നാണോയെന്നു് ഞാൻ ചോദിക്കുന്നു. ൧ ൦ണ. വില നിശ്ചയിച്ചിട്ടുള്ളതു് special permit പ്രകാരമുള്ള അപേക്ഷയെ നിയന്ത്രിക്കുവാൻവേണ്ടി മാത്രമാണു്. ഇതു് എന്റെ മാന്യസ്നേഹിതൻ മുമ്പു പറഞ്ഞതുപോലെ ഈ നിയന്ത്രണം നടപ്പിൽ വന്നതോടുകൂടി special permit പ്രകാരം കൊടുക്കേണ്ടിവരുന്ന കേപാട്ട വളരെ കുറച്ചുമാത്രമേയുള്ളുവെന്നു് കാണുന്നുണ്ടു്. നിയന്ത്രണത്തിനുമുമ്പു special permit നു് വാങ്ങിച്ചു ബ്ലേക്കുമാക്കറ്റിൽ വിറ്റിരുന്ന സമ്പ്രദായം ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടെന്നു് അഭിമാനിക്കുവാൻ സാധിക്കുന്നതാണു്. ഒന്നു രണ്ടു സംഗതികളെ കുറിച്ചു് വ്യവസായ മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം തുവരപരിപ്പ് വാങ്ങിശേഖരിച്ചതിന്റെ ഫലമായി ൪൦,൦൦൦ക. നഷ്ടം വന്നുവെന്നാണു് പറയുന്നതു്. എന്നാൽ അതിന്റെ ഉത്തരവാദി പൊതുജന പ്രതിനിധികളല്ലാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കയന്നു് അദ്ദേഹം സമ്മതിച്ചുകഴിഞ്ഞു. എന്നാൽ ഇനിയും അങ്ങിനെയുള്ള സംഗതികൾ നാട്ടിൽ വന്നേക്കുമോ എന്നു് സംശയമുണ്ടു്.

(At this stage the Deputy President vacated the Chair and the President occupied the Chair).

അതുകൂടാതെ കഴിക്കുവാൻ സംഭരണകാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു വരുന്നുണ്ടെന്നുള്ളതു് നമുക്കു അനുഭവമാണു്.

ഇനി ഉപക്ഷേണമായിട്ടുള്ള നാളികേരത്തെപ്പറ്റി ഇന്നു് വളരെയെല്ലാം ജനങ്ങളുടെയിടയിൽ വികാരം ഉത്തേജിപ്പിക്കുന്ന ഒരു നിലയാണു് എത്തിച്ചേർന്നിട്ടുള്ളതു്. ഈ നിയന്ത്രണം കൊച്ചിഗവണ്മെണ്ടു നടപ്പാക്കിയപ്പോൾ, അതിനെ സെൻട്രൽ ഗവണ്മെണ്ടു പ്രേരിപ്പിച്ചിട്ടുള്ളതുപോലും മറന്നുകൊണ്ടുള്ള വിമർശനങ്ങൾ കേൾക്കുകയുണ്ടായി. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള അന്വേഷണത്തിൽ കേന്ദ്രഗവണ്മെണ്ടിന്റെ നിർബ്ബന്ധത്തിന്നു് പഞ്ചാബു് ഗവണ്മെണ്ടു, സിന്ധു് ഗവണ്മെണ്ടു മുതലായിട്ടുള്ള വിവിധ ഗവണ്മെണ്ടുകളും വഴങ്ങികൊടുക്കേണ്ടിവന്നിട്ടുള്ള പരമാർത്ഥത്തെ മറിച്ചുവെക്കാവതല്ല. നമുക്കു സിന്ധിലും, പഞ്ചാബിലുമുള്ള അരിയുടെ നിരക്കനുസരിച്ചുള്ള വിലക്കു അരി കിട്ടണമെന്നുണ്ടെങ്കിൽ നാളികേരവില നിയന്ത്രിക്കാതെ സാധിക്കയില്ലെന്നുള്ള നിർബ്ബന്ധമായിരുന്നു അതിന്നു കാരണം. അങ്ങിനെ ഭക്ഷ്യസാധനങ്ങൾ പരസ്പരം കൊടുക്കുന്നതായ ഗവണ്മെണ്ടുകൾ അത്യാവശ്യപ്പെട്ട ഒരു കാര്യം, നമ്മുടെ രാജ്യത്തെമാത്രം ബാധിക്കുന്ന ഒരു പ്രശ്നമായിട്ടു് എടുക്കുവാൻ അവകാശമുണ്ടായിരുന്നുവെങ്കിലും, യുദ്ധപരിതഃസ്ഥിതി കഴിഞ്ഞതിനുശേഷമാണു് ഈ വിലനിയന്ത്രണം വന്നിട്ടുള്ളതു എന്നുള്ള കാര്യത്തിലേക്കു് ഈ സഭയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. യുദ്ധകാലത്തു് ഇൻഡ്യയുടെ നാനാഭാഗങ്ങളിലേക്കും നാളികേരം കയറ്റി അയച്ചിരുന്നതു് ഈ കേരളക്കരമാത്രമായിരുന്നു. യുദ്ധം കഴിഞ്ഞതോടുകൂടി ഇൻഡ്യാരാജ്യത്തിലേക്കു് സിലോണിൽനിന്നും വെളിച്ചെണ്ണയും, കൊപ്രയും വരാനുള്ള പരിതഃസ്ഥിതി കണ്ടതുകൊണ്ടായിരിക്കണം വില നിയന്ത്രിക്കുവാൻ ഇടവന്നതു്. എന്നാൽ ഒരു Free Trade Rule എടുക്കുന്ന അവസരത്തിൽ നമ്മുടെ നിയന്ത്രണം കൂടാതെതന്നെ ആ വിലയിലേക്കു് എത്തിച്ചേരാതെ നിവൃത്തിയില്ല. അതിന്റെയെല്ലാം ഫലമായിരിക്കണം കൊച്ചിയേക്കാൾ പരമാധികാരമുള്ള തിരുവിതാംകൂർ ഗവണ്മെണ്ടിനെപോലും തല കുനിപ്പിക്കുന്നതിന്നു് കേന്ദ്രഗവണ്മെണ്ടിന്നു സാധിച്ചിട്ടുള്ളതു്. ഈ നിലയിലാണു് അതിനെപ്പറ്റി നാം ആലോചിക്കേണ്ടതു്. അതുകൊണ്ടാണു് വെളിച്ചെണ്ണയും പിണ്ണാക്കും നിയന്ത്രണത്തിൽ വരുത്തേണ്ടതായിട്ടു വന്നിട്ടുള്ളതു് എന്നാലോചിക്കേണ്ടതാണു്. അതിനെപ്പറ്റി കേവലം എന്റെ പഠനത്തിൽ ഒന്നുമില്ലാത്തതുകൊണ്ടു് അതിനെപ്പറ്റി ഇനി കൂടുതലായിട്ടുള്ള പ്രതിപാദനത്തിന്നു് ഉദ്ദേശിക്കുന്നില്ല. നിയന്ത്രണത്തെ സംബന്ധിച്ചു് എന്തെങ്കിലും പിശകുകൾ വരുന്നുണ്ടെങ്കിൽ അതു തിരുത്തുവാൻ മനസ്ഥിതിയുള്ള ഒരു ഗവണ്മെണ്ടു നമുക്കുള്ള ഈയവസരത്തിൽ വെറും പ്രക്ഷോഭണംകൊണ്ടുമാത്രം ആക്ഷേപിക്കേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഗവണ്മെണ്ടിന്റെ ഇതുവരെയുള്ള പ്രവൃത്തനങ്ങളിൽ, എന്തെങ്കിലും പിശകുകളുണ്ടെങ്കിൽ അവയെ ചൂണ്ടിക്കാണിച്ചു്, സൃഷ്ടിപരമായിട്ടുള്ള വിമർശനങ്ങൾ ചെയ്യുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

*ചൌധരി ജി. എസ്സ്. ധാരാസിംഗ്: മിസ്റ്റർ പ്രസിഡണ്ടു് സർ, ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നതു് ഫുഡ്ഡിപ്പാർട്ടുമെണ്ടിന്റെ വൈകല്യങ്ങളെ ചൂണ്ടികാണിക്കുവാനാണു്. അതോടൊപ്പംതന്നെ അതു് പരിഹരിക്കുവാൻ സൂചിപിക്കുമായിട്ടുള്ള വിമർശനം നടത്തണമെന്നും ആഗ്രഹിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽ പലരും ശക്തിയായി അഭിപ്രായപ്പെടുകയുണ്ടായി കൊച്ചിൻ റെസ്സോറണ്ടുകളെല്ലാം മറ്റുള്ള ഹോട്ടൽക്കാക്കും, കാപ്പിക്ലബ്ബുകാക്കും വീതിച്ചുകൊടുക്കണം എന്നു്. പക്ഷെ അതിനെസംബന്ധിച്ചു് യാതൊരു നടപടിയും എടുത്തിട്ടില്ലെന്നാണു് അറിയുന്നതു്. ആ കാര്യത്തിലേക്കു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

Mr. President: I would remind the Hon'ble Member that I said this morning that at 3-30 p. m. I will call upon the Hon'ble Minister to reply.

Chouhury G. S. Dhara Singh *(Mattancheri):* Yes, Sir I will finish in five minutes.

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ഇനി എനിക്ക് പറയുവാനുള്ളത് ശക്കര വിതരണസമ്പ്രദായത്തെപ്പറ്റിയാണ്. നാല്പതൊ,അയ്മ്പതൊ അംഗങ്ങളുള്ള ഓരോ കുടുംബത്തിനും ഒ റാത്തൽ ശക്കരവീതമാണ് കിട്ടിവരുന്നത്. ഇപ്പോൾ അതു് മുന്നൂറാത്തലായിട്ട് കുറച്ചിട്ടുണ്ടെന്നാണ് അറിയുന്നതു്. അതു് അരി റേഷൻ ചെയ്തതുപോലെ ആളകളുടെ കണക്ക് വെച്ച് കൊടുക്കുകയാണെങ്കിൽ വളരെ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം

പിന്നിട് സാധാരണ ജനങ്ങൾക്ക് വിഷമവും, ബുദ്ധിമുട്ടും ഇല്ലാത്തവിധത്തിൽ കച്ചവടക്കാരോട് നീതിയായിട്ട് പെരുമാറണമെന്നു് പറയുമ്പോൾ, കച്ചവടമെമ്പർ ഇവിടെ പറഞ്ഞിട്ടുള്ളതു് കുറേ അതിശയോക്തിയോടുകൂടിയാണെങ്കിലും, ചില കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടിയിരിക്കുന്നു. ഡിസംബർ ഫ ൪-ാംതെ-യാണല്ലൊ കൺട്രോൾവന്നതു്. അതിനുമുമ്പു് കയറ്റിഅയക്കുവാൻ പെർമിറ്റ് കൊടുത്തുവരുന്നുണ്ട്. അതു് പകുതി സാധനങ്ങൾക്ക മാത്രമേ പെർമിറ്റ് കൊടുത്തുവരാറുള്ളു. അങ്ങിനെ വരുമ്പോൾ ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ട്. പകുതി സാധനങ്ങൾ അവിടെ കിടക്കുന്നതുകൊണ്ടു് സാധനങ്ങൾ ചീത്തയായിപോകുന്നുണ്ട്. അങ്ങിനെയുള്ള വിഷമങ്ങൾ ഉണ്ടാകുന്നതുകൊണ്ടു് ഒരുമിച്ചു കയറ്റി അയക്കുവാനുള്ള അനുവാദവുംകൂടി കൊടുത്താൽ മതി. അങ്ങിനെവരുമ്പോൾ എല്ലാവക്കും കൊടുക്കുവാനും വിരോധമില്ല. അല്ലെങ്കിൽ സാധങ്ങൾ ഗോഡൌണിൽകിടന്ന് നശിക്കും ഗുണമില്ലാത്തവിധത്തിൽ നശിച്ചുപോകുന്ന കാര്യം കാണുവാൻ ഇടയാകരുതെന്നാണ് എനിക്ക് പറയുവാനുള്ളതു്. കച്ചവടക്കാരിൽനിന്നു മറ്റൊരു പ്രധാനമായ ആക്ഷേപം കേൾക്കുന്നതിൽ, തിരുവിതാംകൂറിലേക്ക് ഇപ്പോൾ ഇൻടാൻസിറ്റായിട്ടുള്ള ചരക്കുകൾ ഇവിടെനിന്നു കയറ്റി അയക്കുവാൻ അനുവദിക്കാതെ പലപ്പോഴും അവർക്ക ബുദ്ധിമുട്ട വരാറുണ്ട് എന്നു പറയുന്നതിൽസത്യമുണ്ടെങ്കിൽ അങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ മേലിൽ വരാതെ സൂക്ഷിക്കണമെന്നു പറഞ്ഞുകൊണ്ടും സമയമില്ലാത്തതുകൊണ്ടു് മറ്റു കാര്യങ്ങളെപ്പറ്റി പ്രതിപാദിപ്പാൻ സാധിക്കാത്തതുകൊണ്ടും തൽക്കാലം വിരമിക്കുന്നു.

Mr. P. Govinda Menon *(Minister for Food and Education)*: I am extremely thankful to the Hon'ble Member Mr. P. Kumaran Ezhuthassan for affording me an opportunity to address this House today about the "Food question" in the State. In doing so, let me make one thing very very clear. Government do not pretend for a momement that mistakes have not been committed. Government do not pretend that in several directions improvements are not possible. But for a moment may I request the Hon'ble Members of this House to reflect upon the stupendous nature of the work undertaken by this Department. Sir, the turnover of the transactions of this department is about five crores. The rationed population of this State comes to almost the entire population; except a few persons who have got their own paddy the entire population is rationed. There are about 1,200 institutions through which food articles are distributed to the people. The ration shops and the fair price shops together come to more than 1,200 institutions. About 10 lakhs of bags of food grains are imported into the State and are distributed among the people. That is one part of the work undertaken by this Department. Then we are procuring a good quantity of paddy from this State and that procurement is a very difficult job, because any agriculturist, land holder or jenmi will naturally dislike to part with his produce under compulsion and if there is no control or compulsion they could, in the market, get a better price. They are averse to sell to Government paddy at the rate fixed now *i.e.*, Rs. 1—6—0 per para. That also has to be effected. In a state surrounded on almost all sides by other jurisdictions and within the State also there are other jurisdictions in a State like this, the scope for the violation of the Control Orders or evasion of Control Orders is very great. It is such a stupendous task which this Department has undertaken to perform, and in the performance of that task what is it that we have got? We are absolutely without precedents. This Government after having constituted the Food Department late in 1118, had only its own precedents to follow. Other jurisdictions, provinces and Government, introduced the ration system, except with very few exceptions, only after our State had introduced this.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: We were the first.

Mr. P. Govinda Menon *(Minister for Food and Education)*: Therefore, we had no precedents to follow, and if in the early stages of the Department, some mistakes have been committed, I must inform this House that those are mistakes which are inevitable.

With this background, with this outlook in your mind, I would request the Hon'ble Members, Sir to proceed to hear what I have further to submit before this House. The

LIBRARY ARCHIVES Kerala Legislative Assembly

loudest attack against the Department came from my Hon'ble friend, Mr. Sebastian, regarding the Cocoanut Oil Control Orders recently issued by the Government. On this matter, I do not want to assume an attitude of controversy with my Hon'ble friend (hear, hear). Let us together think what the situation is and if there have been difficulties caused, and if there have been heart-burning caused, let us think how to get over the situation, rather than attribute motives to the Government. Sir, myself and my colleagues entered office on the 9th of September 1946. At that time, what progress had been made, not by this Government alone, but by other Governments with respect to oil control, cocoanut control and other things. Ever since the year 1941 there was talk, there was correspondence, there was investigation of the question whether like every other articles in the country cocoanuts and cocoanut products should not be brought under control. But for various reasons the control was not effected. In the year 1944 the question of controlling cocoanut and cocoanut oil products arose. I do not want now to raise the question why the Government of India wanted cocoanut and cocoanut oil products to be controlled, because it is futile to raise that controversy on the floor of this House. Sir, in the month of May, 1944 there was a conference in New Delhi between the representatives of the producing and consuming areas, chiefly, Cochin, Travancore and British Malabar. Cochin also was represented. The Cochin Government strongly protested against the idea of introducing control and the matter was left there without coming to any conclusion. Again in the month of April 1945, the question was referred by the Government of India to the Central Cocoanut Committee. The Central Cocoanut Committee also rejected the idea of control of cocoanut oil and cocoanut and other products. The idea was again thrown out by the Central Cocoanut Committee in September 1945, when it discussed the question. But although the Government of Cochin and the Government of Travancore and other producing areas objected to these control measures the pressure was insistent upon the Government of Cochin and other Governments to introduce the control and in March 1945 the Government of India is seen to have issued a " press note " foreshadowing the possibility of control, and the question was again discussed on 19th March 1946 at a conference in Delhi to which also we had sent our representatives. Then that conference decided that the matter should again be referred to the Cocoanut Committee in which also representatives of Cochin, including the representatives of growers of cocoanut were represented, and in the month of April 1946 in the conference at Bangalore the Cocoanut Committee agreed to introduce price control regarding cocoanut and other products. It is wrothwhile in this connection to remember that the representatives of the growers, Mr. B. M. Peter, also agreed the price being controlled. These are the materials which exist now.

Mr. K. Balakrishna Menon *(Cheruthuruthi):* The price of what to be controlled?

Mr. P. Govinda Menon *(Minister for Food and Education):* The price of cocoanut and copra.

Mr. L. M. Pylee *(Latin-Christians Ernakulam):* When was that meeting and in what place.

Mr. P. Govinda Menon *(Minister for Food and Education):* That meeting was in April 1946 at Bangalore.

Mr. P. V. Sebastian *(Latin-Christians Cranganur):* At what price?

Mr. P. Govinda Menon *(Minister for Food and Education):* I am referring to the Control Orders. I will come to that. Now it was a unanimous agreement. As soon as the present Ministry took up office, there was a great demand from several parts in Cochin that the price of cocoanut oil is going up, the price of cocoanut is going up and that some measures might be adopted by Government in order to make cocoanut and cocoanut oil and other products available to the people of Cochin who want to consume it so that these things also may almost come on parallel lines. There was a demand throughout Cochin, especially from Chittur and Talapilly Taluks and portions of Trichur and Mukundapuram Taluk, where cocoanuts and cocoanut products are not available in large quantities, that some measures may be adopted to see that cocoanut and cocoanut products are made available to them at reasonable prices. I can assure this House that Government, when those representations came, began to think of a scheme under which the necessary amount of cocoanut oil and other products intended for internal consumption should be purchased at a reasonable price; leaving the other things alone. In fact, I initiated a discussion of the question by issuing a note to that effect, because on this matter, Government and the people would like to act alike. It was when matters were proceeding along this line that the Government of India decided to control the price of copra and cocoanut oil.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Not of cocoanut oil?

Mr. P. Govinda Menon *(Minister for Food and Education)*: One is sufficient for the other.—At certain levels. Government of India requested this Government to adopt the same measure. It was understood that on the 15th of December these measures will be introduced simultaneously in the three jurisdictions. Therefore, I can very well understand the feeling among cocoanut growers, in Government having introduced this price control; but at the same time what is the way out of it? That also we have to consider. But before we go to that, I must just inform this House as to how the matter has been controlled. Under the Notification which was to come into effect on the 15th December 1946 the price of Cocoanut oil was fixed at Rs. 1,390 per ton and the price of copra at Rs. 884 per ton. Now before the Government of India said that the ceiling prices of cocoanut oil and copra had to be fixed at those rates. Government of Cochin pressed before the Government of India that if they insist that the ceiling prices of copra and cocoanut oil should be fixed at these rates, then we must insist that floor prices also should ce fixed and that was done because of the following very telling facts. From that it will be seen what the interest of this Government was in the cocoanut growers of this country. I will just now read out what the prices of cocoanut oil and copra were for the last 10 or 12 years.

In the year 1928 to 29 the price of Copra was Rs. 366. Now it has been fixed at Rs. 884. The price of cocoanut oil was Rs. 541—5—0, the price now fixed is Rs. 1,390 per ton. The following were the prices of Copra and cocoanut oil during the years noted below.

	Copra Rs.	*Cocoanut Oil* Rs.
1929—30	291—11—0	435—12—0
1930—31	229— 6—0	354— 9—0
1931—32	222— 1—0	339—13—0
1232—33	233— 8—0	405— 6—0
1933—34	155— 9—0	235— 4—0
1934—35	141— 6—0	208— 4—0
1936—37	247—12—0	366—10—0
1938—39	146— 3—0	217— 1—0
1939—40	188— 9—0	274— 1—0
1940—41	176— 4—0	263— 3—0
1941—42	198—14—0	295—15—0
1942—43	472— 3—0	725— 9—0
1943—44	581— 7—0	873— 6—0
1944—45	640— 0—0	953— 4—0
1945—46	860— 0—0	1,270— 0—0

